
## പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

മംഗലവാർത്ത - പിറവി ലക്കം 2013-14



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



## ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ
## ജന്മശതാബ്ദിവർഷം: 1914-2014

# "സഭയ്ക്കുവേണ്ടി നിലകൊള്ളും ജീവൻ കളഞ്ഞും"

**താ**ൻ ജനിച്ചുവളർന്ന ഭവനവും ഇണങ്ങിയും പിണങ്ങിയും ചിരിച്ചും കളിച്ചും ജീവിതം പങ്കിട്ട സഹോദരങ്ങളും സ്വന്തം വ്യഥകളൊക്കെയും മറച്ചുവച്ച് നമ്മുടെ വ്യഥകളിലൊപ്പമിരുന്ന മാതാപിതാക്കളും കളിക്കൂട്ടുകാരും എല്ലാമെല്ലാം ഏതൊരു വ്യക്തിയുടെയും ജീവിതത്തിൽ ഗൃഹാതുരത്വത്തിന്റെ മായാത്ത മുദ്രകളുണർത്തും. ഈ ഭവനത്തിന്റ പടിവിട്ട് ഒരുവൻ ഇറങ്ങിത്തിരിച്ചാലും നോവും ഹൃദയവുമായി പടിവാതിൽക്കൽ ഒരു കുടുംബം കാത്തിരിപ്പുണ്ടെന്ന തിരിച്ചറിവ് ഹൃദയമുള്ള ഏവനെയും തിരിച്ചുവരാൻ പ്രേരിപ്പിക്കും.

സഭയാകുന്ന അമ്മയുടെ മടിത്തട്ടിൽ ഒരുമിച്ചുകൂടുന്ന മക്കളാണ് ദൈവജനം. ഈ സഭയിലേക്ക്, ദൈവമക്കളുടെ കൂട്ടായ്മയിലേക്ക് നാം പ്രവേശിച്ചതോ മാമോദീസാ എന്ന മഹനീയ കൂദാശയിലൂടെയും. ഈ കൂട്ടായ്മയിലേക്ക് ഒരുവൻ പ്രവേശിക്കുമ്പോൾ സ്വർഗ്ഗവും ഭൂമിയും സന്തോഷിക്കുന്നു. സഭാതനയർക്കായ് അവൾ ആവോളം സ്നേഹവും ദൈവവചനവും കൂദാശകളും നൽകി പോറ്റിവളർത്തുന്നു. അവന്റെ വീഴ്ചകളിൽ താങ്ങാകുന്നു. ഇപ്രകാരമുള്ള അതിസ്വാഭാവികമായ സഭയിൽ മാനുഷികത കടന്നു കയറ്റം നടത്തുമ്പോൾ പലരും സ്വന്തം നിലമറന്ന്, പിറന്ന ഗർഭപാത്രത്തെ മറന്ന് പടിവിട്ടിറങ്ങുന്നു. ഒരുപക്ഷേ അവരായിരിക്കും നാളത്തെ പുതിയ സഭയുടെ സ്ഥാപകർ. ഇപ്രകാരമുള്ള അവസ്ഥകൾ പെരുകി വരുന്ന ഒരു കാലഘട്ടത്തിൽ നാം ജീവിക്കുമ്പോൾ സഭയെ ജീവനേക്കാൾ ഉപരി സ്നേഹിച്ച് സഭയ്ക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ദൈവദാസൻ ബിഷപ് വില്യം ജക്വീൻതാ മാതൃകയാവുന്നു.

സഭ എന്നത് അദ്ദേഹത്തിന് സ്വന്തം ഹൃദയമിടിപ്പുകളായിരുന്നു. സഭാമക്കളുടെ ന്യൂനതകളെച്ചൊല്ലി ജനം അപഹസിക്കുമ്പോൾ അദ്ദേഹം ദൃഢചിത്തതയോടെ പറയുമായിരുന്നു "മക്കളേ, സഭയ്ക്കു പുറത്തുനിന്ന് വിശുദ്ധനാകുന്നതിനേക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത് സഭയോടുകൂടി തെറ്റുപറ്റുവാനാണ്"എന്ന്. സഭയിൽ അദ്ദേഹം ദൈവത്തിന്റെ തിരുമുഖം ദർശിച്ചു. സഭയുടെ പ്രബോധനങ്ങളിൽ അദ്ദേഹം ദൈവസ്വരം തിരിച്ചറിഞ്ഞു. സഭയുടെ സഹനങ്ങളെ അദ്ദേഹം സ്വന്തം ഹൃദയത്തിലേറ്റുവാങ്ങി. സഭയുടെ വിശുദ്ധിക്കായി അദ്ദേഹം സ്വന്തം ജീവിതം ഉഴിഞ്ഞുവച്ചു. സഭയുടെ യഥാർത്ഥ സ്വഭാവമായ വിശുദ്ധിയിലേക്ക് എല്ലാ മക്കളും ചുവടുവയ്ക്കേണ്ടതിന്റെ ആവശ്യകതയെ അദ്ദേഹം ഊന്നിപ്പറഞ്ഞു. സഭയുടെ ഉന്നമനത്തിനായി അദ്ദേഹം രാപകൽ പ്രാർത്ഥിച്ചു. സഭാധികാരികളുടെ സമീപനങ്ങളിൽ ഒരു കുറ്റവും പറഞ്ഞില്ല. സഭാമക്കളുടെ തിരിച്ചുവരവിനായി നീണ്ട മണിക്കൂറുകൾ കുമ്പസാരക്കൂടുകളിൽ അദ്ദേഹം ചെലവഴിച്ചു. സഭയിലേക്കു നുഴഞ്ഞുകയറുന്ന തിന്മകളുടെ ശക്തികൾക്കെതിരെ അദ്ദേഹം വചനത്തിന്റെ പടവാളുയർത്തി. സഭയുടെ ലിറ്റർജിക്കൽ പ്രാർത്ഥനകളിൽ ഒരു കുറവും വരുത്തുവാൻ അദ്ദേഹം അനുവദിച്ചില്ല. തന്റെ അന്ത്യത്തോടടുത്ത നാളുകളിൽ യാമപ്രാർത്ഥനകൾ ചൊല്ലുവാൻ അപ്രാപ്തനായ നിമിഷങ്ങളിൽ പ്രാർത്ഥനാപുസ്തകം നെഞ്ചോടു ചേർത്തുപിടിച്ചു കിടക്കുന്ന പിതാവിന്റെ ചിത്രം സഭയോടുള്ള അദ്ദേഹത്തിന്റെ വിശ്വസ്തതയെ വിളിച്ചോതുന്നതാണ്.

ലിറ്റർജിക്കൽ പ്രാർത്ഥനകൾക്ക് സമയം കൂടുന്നുവെന്നോ സഭാധികാരികളുടെ പ്രവർത്തനങ്ങൾ ദൈവികമല്ലെന്നോ ആത്മീയത നഷ്ടപ്പെടുന്നുവെന്നോ പറഞ്ഞ് സഭയെ നാം ജീവിതത്തിൽനിന്നും മാറ്റിനിർത്തുമ്പോൾ ഓന്നോർക്കണം നാമാണ് സഭ. നാം സഭയെ കുറ്റപ്പെടുത്തിയാൽ മലർന്ന്കിടന്ന് തുപ്പുന്നതിന് തുല്യമായിരിക്കും. ജീവൻ കളഞ്ഞു സഭയ്ക്കുവേണ്ടി നിലകൊള്ളാം.


**പിതാവിനൊപ്പം നമുക്കും പ്രാർത്ഥിക്കാം.**

**പരിശുദ്ധ ത്രിത്വമേ, അവിടുത്തെ പുത്രന്റെ തിരുരക്തത്താൽ പവിത്രീകരിക്കപ്പെട്ട ഈ സഭയെ സ്നേഹിക്കുവാനും ആദരിക്കുവാനും കറയോ ചുളിവോ കൂടാതെ സംരക്ഷിക്കുവാനും ഞങ്ങളെ സഹായിക്കണമേ ആമേൻ.**


**ജെനി കഴുന്നടിയിൽ**

അപ്പസ്തോലിക് ഒബ്ലേറ്റ്സ്

# പ്രതീക്ഷയുടെ പൂമൊട്ടുകൾ





വാല്യം 32 മംഗലവാർത്ത-പിറവി ലക്കം 2013-14


**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"** (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി ആൻഡ്രൂസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ശിഷ്യത്വവും സാക്ഷ്യവും 03
- "സ്നേഹിച്ചുകൊണ്ടുമാത്രമേ പടുത്തുയർത്താനാവൂ" 06
- സ്നേഹം ദാനമായി നമ്മുടെയിടയിൽ വസിക്കുന്നു 07
- തിരുവചനത്തിന്റെ ശ്ലീഹാ 09
- മറിയം ദൈവത്തെ സ്വന്തമാക്കിയവൾ 11
- മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും 13
- വിശുദ്ധിയുടെ മുത്തുകൾക്ക് 16
- **Twinkle like a star** 18
- **Pope to the Youth** 19
- മംഗലവാർത്തക്കാലം 20
- ഭൂമിയിലെ നക്ഷത്രം 21
- തിരുവചനത്തിന്റെ ശ്ലീഹാ 22
- മനുഷ്യനീതിയും ദൈവകരുണയും 24
- ക്രിസ്മസ് ഓഫർ 26
- സെനക്കിൾ തരംഗം 29
- മംഗളവാർത്തകൾ ഉണ്ടാകാൻ... 30

## എഡിറ്റോറിയൽ

# സ്വയം ശൂന്യമാക്കുന്ന ജീവിതം

മംഗലവാർത്തക്കാലത്തോടുകൂടി പുതിയൊരു ആരാധനാവത്സരത്തിന് തുടക്കംകുറിക്കുകയാണ്. ഈശോയുടെ മനുഷ്യാവതാരം ധ്യാനവിഷയമാക്കുന്ന ഈ കാലത്തിൽ, അതിനു പശ്ചാത്തലമൊരുക്കിയ മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കളുടെ വീഴ്ച, ദൈവം നല്കിയ രക്ഷയുടെ വാഗ്ദാനം, രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾ തുടങ്ങിയവയോടൊപ്പം, പരിശുദ്ധ കന്യകാമറിയത്തിനും വി. യൗസേപ്പുപിതാവിനും രക്ഷാകരചരിത്രത്തിലുള്ള വലിയ പങ്കും ചിന്താവിഷയമാക്കുന്നു. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും ദൈവവുമായുള്ള സമാനത മുറുകെ പിടിക്കാതെ തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് മനുഷ്യനായിപ്പിറന്ന ഈശോയുടെ (ഫിലി 2,5-7) മനോഭാവം സ്വന്തമാക്കുവാനും, അങ്ങനെ അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വവും ഭൂമിയിൽ മനുഷ്യർക്കു സമാധാനവും സംലഭ്യമാക്കുവാനും ഈ കാലഘട്ടം നമ്മെ ക്ഷണിക്കുന്നു.

'ഇതാ കർത്താവിന്റെ ദാസി' എന്നുപറഞ്ഞുകൊണ്ട് ദൈവഹിതത്തിനു വിധേയയായ മറിയത്തോടൊപ്പം, രക്ഷകന്റെ തിരുപ്പിറവിക്ക് ഉപകരണമായിത്തീരുന്നതിന് വി. യൗസേപ്പും നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ദൈവദൂതനിലൂടെയും സ്വപ്നത്തിലൂടെയുമൊക്കെ ലഭിച്ച നിർദ്ദേശങ്ങൾ നിശബ്ദനായി സ്വീകരിച്ചുകൊണ്ട് തിരുക്കുടുംബത്തിന്റെ സംരക്ഷകനായി യൗസേപ്പുപിതാവ് മാറി. അതിനുവേണ്ടി ഏറ്റെടുക്കേണ്ടിവന്ന എല്ലാ സഹനങ്ങളും സന്തോഷത്തോടെ അദ്ദേഹം സ്വീകരിച്ചു. സ്വന്തം ഹിതവും അഭിപ്രായങ്ങളും ജീവിതംതന്നെയും വി. യൗസേപ്പ് പരി. മറിയത്തിനും ഈശോയ്ക്കുംവേണ്ടി ഉഴിഞ്ഞുവച്ചു.

മൂല്യങ്ങൾക്കു വിലകൊടുക്കാത്ത ആധുനിക മനുഷ്യന്റെ ചിന്താഗതിയനുസരിച്ച് വി. യൗസേപ്പിന്റെ ജീവിതം ഒരു പരാജയമായിരുന്നു എന്നു പറയേണ്ടി വരും. എന്നാൽ, സഹോദരങ്ങൾക്ക് ദൈവത്തെ കൊടുക്കണമെങ്കിൽ, അവരിൽ ദൈവികത ജനിപ്പിക്കണമെങ്കിൽ, നമുക്കും നമ്മുടേതായ പലതും ഉപേക്ഷിക്കേണ്ടിവരും. നിസ്സാരമായ വാക്കുതർക്കങ്ങൾപ്പോലും കൊടുംപാതകങ്ങളിൽ അവസാനിപ്പിക്കുന്ന, എല്ലാം വെട്ടിപ്പിടിച്ചു സ്വന്തമാക്കാൻ വെമ്പുന്ന ഈ ലോകത്തിൽ മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ജീവിതം മാറ്റിവയ്ക്കാൻ കഴിഞ്ഞാൽ അത് വലിയ പുണ്യമാകും. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും നമുക്ക് യൗസേപ്പുമാരായി മാറാം. സ്വന്തം അഭിപ്രായങ്ങൾ മറ്റുള്ളവരിൽ അടിച്ചേല്പിക്കുന്നവരാകാതെ, സമാധാനം കാംക്ഷിക്കുന്നവരായി, സന്തോഷം വിതയ്ക്കുന്നവരായി നമുക്കു മാറാം. അങ്ങനെ, 'ദൈവത്തിനു മഹത്ത്വവും മനുഷ്യർക്ക് സമാധാനവും' (ലൂക്കാ 2,14) നല്കുക എന്ന മനുഷ്യാവതാരത്തിന്റെ മഹനീയഫലങ്ങൾ കൊയ്തെടുക്കാൻ നമുക്കു പരിശ്രമിക്കാം. ഏവർക്കും ക്രിസ്മസ്സിന്റെയും പുതുവർഷത്തിന്റയും ആശംസകൾ!!!

**ചീഫ് എഡിറ്റർ**



# ശിഷ്യത്വവും സാക്ഷ്യവും

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

ഈശോയുടെ ശിഷ്യരാകുവാൻ വിളിക്കപ്പെടുന്നവർ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുവാൻ വിളിക്കപ്പെടുന്നവരാണ്. സെനക്കിളിൽ തന്റെ ശിഷ്യരോടുള്ള സംഭാഷണവേളയിൽ ഈശോ ഇത് വ്യക്തമാക്കുന്നുണ്ട്: "ആരംഭം മുതൽ എന്നോടുകൂടെയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നല്കും" (1 യോഹ 15:27). ഉത്ഥാനശേഷവും ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ട് ഈശോ അവരെ ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്: "നിങ്ങൾ ഇവയ്ക്കു സാക്ഷികളാണ്" (ലൂക്കാ 24:47). മിശിഹായ്ക്കു സാക്ഷ്യം വഹിക്കുക എന്നത് ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാന സ്വഭാവമാണ്. ഈ സാക്ഷ്യംവഹിക്കൽ എവിടെ? എങ്ങനെ? എപ്പോൾ? എന്നെല്ലാം ഈശോ തന്റെ ശിഷ്യരെ മനസ്സിലാക്കിക്കൊടുക്കുന്ന ഒരു സുവിശേഷഭാഗമാണ് (യോഹ 15:18-16:4) ഇപ്രാവശ്യം നാം വിചിന്തനത്തിനു വിഷയമാക്കുന്നത്.

### ലോകത്തിൽ നല്കേണ്ട സാക്ഷ്യം

ഈശോയുടെ ശിഷ്യർ ലോകത്തിൽ ആയിരിക്കേണ്ടവരും ലോകത്തിൽ ഈശോയ്ക്കു സാക്ഷ്യം വഹിക്കേണ്ടവരുമാണ്. അവിടുത്തെ ദൃശ്യമായ അസാന്നിധ്യത്തിൽ ഈശോയ്ക്ക് ലോകത്തിൽ സാക്ഷ്യം വഹിക്കു

വാൻ പ്രത്യേകം നിയോഗിക്കപ്പെട്ടവരാണ് ശിഷ്യന്മാർ: “ഇനിമേൽ ഞാൻ ലോകത്തിലല്ല; എന്നാൽ, അവർ ലോകത്തിലാണ്” (യോഹ 17:11). അതുപോലെതന്നെ ഈശോ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടതുപോലെ അവരും ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവരുമാണ്. “അങ്ങ് എന്നെ ലോകത്തിലേക്കയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു”(യോഹ 17:18). എന്നാൽ ലോകത്തിന്റെ ഭാഗത്ത് വിദ്വേഷമാണ് അവർക്ക് ലഭിക്കാൻ പോകുന്നത് എന്ന് ഈശോ വ്യക്തമായി പറയുന്നു (യോഹ 15:18–19; 17:14). അതിനു കാരണം അവർ ഈശോയുടെ ശിഷ്യരാണെന്നതു മാത്രമാണ്. ലോകത്തിന്റേതല്ലാത്തതുകൊണ്ടാണ് ഈശോയെയും ശിഷ്യരെയും ലോകം വെറുക്കുന്നത് (യോഹ 17:14). ലോകത്തിന്റേതിൽനിന്നും വ്യത്യസ്തമായ ഒരു ജീവിതം നയിക്കുന്നതുകൊണ്ടാണ് ലോകം അവരെ വെറുക്കുന്നത്. വെറും ലൗകികമായ കാഴ്ചപ്പാടുകളും താല്പര്യങ്ങളും നിലപാടുകളും പുലർത്തുന്നവർക്ക് ശിഷ്യർക്കടുത്ത ദൈവികമായ ജീവിതശൈലി ഒരിക്കലും സ്വീകാര്യമാവുകയില്ല. അതുകൊണ്ട് ശിഷ്യർക്ക് എതിർപ്പുകളും പീഡനങ്ങളും ലോകത്തിൽ നേരിടേണ്ടിവരും എന്ന് ഈശോ മുന്നറിയിപ്പു നല്കുകയാണ്. അവയെ അതിജീവിച്ച് ഈശോയ്ക്ക് സാക്ഷ്യംവഹിക്കുന്ന ജീവിതം നയിക്കുവാൻ ശിഷ്യർക്കു കഴിയണം.



**വിശ്വാസവും ഉത്തരവാദിത്വവും**

അറിവും വിശ്വാസവും അതോടൊപ്പം ഉത്തരവാദിത്വം ഉൾക്കൊള്ളുന്നു. ഈശോ വരുന്നതുവരെ ദൈവത്തെക്കുറിച്ചുള്ള വെളിപ്പെടുത്തൽ പൂർണ്ണമല്ലായിരുന്നു. ഈശോയാണ് ദൈവത്തെ ആയിരിക്കുന്ന വിധത്തിൽ വെളിപ്പെടുത്തിയത്. “ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്” (യോഹ 1:18). ഈശോ വരുന്നതുവരെ ദൈവത്തെക്കുറിച്ചുള്ള അറിവില്ലായ്മയും അതിന്റെ ഫലമായുണ്ടാകുന്ന അപാകതകളും ക്ഷന്തവ്യമായിരുന്നെങ്കിൽ, ഈശോയുടെ വരവിനുശേഷം അത് നീതീകരിക്കാനാവില്ല. കാരണം ഈശോ ദൈവത്തെ പൂർണ്ണതയിൽ മനുഷ്യകുലത്തിന് വെളിപ്പെടുത്തി. ദൈവത്തിന്റെ പദ്ധതിയിൽ എങ്ങനെയുള്ള ജീവിതമാണ് മനുഷ്യൻ നയിക്കേണ്ടതെന്ന് ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ടു. അതുകൊണ്ട് ലോകത്തിന്റെ നിലപാടുകൾ പുലർത്തുന്നവർക്ക് ഇനി ഒഴികഴിവില്ല (യോഹ 15:22–24). അതുപോലെതന്നെ ഈശോയെ കാണാനും അറിയാനും അവിടുന്നിൽ വിശ്വസിക്കുവാനും സാധിച്ചവർക്ക് ആ വിശ്വാസത്തിനനുസരിച്ച് ജീവിക്കുവാനുള്ള ഉത്തരവാദിത്വം കൂടിയുണ്ട്. ഈശോയെ അറിയുന്നവർക്ക് ആ അറിവിനനുസൃതമായി ജീവിക്കുവാനുള്ള ഉത്തരവാദിത്വവുമുണ്ട്.




**പരിശുദ്ധാത്മാവിന്റെ സാക്ഷ്യം**

പരിശുദ്ധാത്മാവിനെ ഒരു സഹായകനായിട്ടാണ് യോഹന്നാൻ സുവിശേഷകൻ അവതരിപ്പിക്കുന്നത്. 'പാറക്ക്ലേത്താ' എന്ന വാക്കിന്റെ അർത്ഥം 'അടുത്തേക്കു വിളിക്കപ്പെട്ടവൻ' എന്നാണ്. സഹായത്തിനായി അടുക്കലേക്കു വിളിക്കപ്പെടുന്നവനാണ് സഹായകൻ. ക്രൈസ്തവജീവിതത്തിൽ സഹായകനായി വർത്തിക്കുന്നവനാണ് പരിശുദ്ധാത്മാവ്. വിശ്വാസം നമ്മെ പഠിപ്പിക്കുകയും (യോഹ 14:26) പ്രതികൂലസാഹചര്യങ്ങളിൽ വിശ്വാസത്തിൽ നമ്മെ ശക്തിപ്പെടുത്തുകയും വിശ്വാസത്തിനു സാക്ഷ്യം വഹിക്കുവാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നവനാണ് പരിശുദ്ധാത്മാവ്. വിശ്വാസം വെറും മാനുഷികമായ നമ്മുടെ ഒരു പ്രവൃത്തിയല്ല. അത് ദൈവത്തിന്റെ ദാനമാണ്, പ്രവൃത്തിയാണ്. "എന്നെ അയച്ചവനായ പിതാവ് ആകർഷിച്ചാലല്ലാതെ ആർക്കും എന്റെ അടുക്കലേക്കു വരുവാൻ സാധിക്കുകയില്ല" (യോഹ 6:44). അതുപോലെതന്നെ വിശ്വാസത്തിൽ നിലനില്ക്കുവാനും വിശ്വാസം ജീവിക്കുവാനും പരിശുദ്ധാത്മാവിന്റെ സഹായം നമുക്കാവശ്യമാണ്. പ്രത്യേകിച്ച് വിശ്വാസത്തിനു പ്രതികൂലമായ സാഹചര്യങ്ങളിൽ സഹായകനായ പരിശുദ്ധാത്മാവ് വിശ്വാസത്തിൽ നമ്മെ ശക്തിപ്പെടുത്തും.

**മിശിഹായോടൊത്തുള്ള ജീവിതസാക്ഷ്യം**

പരിശുദ്ധാത്മാവ് നമ്മിൽ സാക്ഷ്യം വഹിക്കുന്നതിന്റെ ഫലമായി നാം ലോകത്തിൽ മിശിഹായ്ക്ക് സാക്ഷികളാവണം. ഇങ്ങനെ സാക്ഷ്യംവഹിക്കുന്നതിന് നമുക്കു കഴിയണമെങ്കിൽ നാം ശ്രദ്ധിക്കേണ്ട രണ്ടുമൂന്നു കാര്യങ്ങളുണ്ട്. ഒന്ന്, നാം മിശിഹായുമായി ഐക്യത്തിലും സ്നേഹത്തിലും വളരണം. "ആരംഭം മുതൽ എന്നോടുകൂടെയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നല്കും" (യോഹ 15:27). 'ആരംഭംമുതൽ' എന്നതിന്റെ അർത്ഥം വിശ്വാസജീവിതത്തിന്റെ ആരംഭം മുതലെന്നാണ്. വിശ്വാസജീവിതം ഈശോയുമായുള്ള ജീവിതപങ്കാളിത്തമാണ്. രണ്ട്, വിശ്വാസസത്യങ്ങളെക്കുറിച്ച് നമുക്കു ബോധ്യങ്ങൾ ഉണ്ടാകണം. മിശിഹായോടൊത്തുള്ള ജീവിതത്തിലൂടെ ആന്തരിക ബോധ്യങ്ങൾ വളർത്തിയെടുത്തവർക്കേ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുവാനാവുകയുള്ളൂ. മൂന്ന്, ക്രിസ്തീയ സാക്ഷ്യം വാക്കുകളിലും പ്രവൃത്തികളിലും പ്രാവർത്തികമാകണം. മറ്റുള്ളവർ മിശിഹായെ അറിയുന്നതിന് ആവശ്യമായ വാക്കുകളും പ്രവൃത്തികളും സാക്ഷ്യംവഹിക്കലിന്റെ ഭാഗമായുണ്ടാകണം.

**മിശിഹായോടൊത്തുള്ള വളർച്ച**

ക്രിസ്തീയജീവിതം മിശിഹായോടൊത്തുള്ള വളർച്ചയാണ്. ഈ വളർച്ച ക്രമേണയുള്ള വളർച്ചയാണ്. ഈശോ ശിഷ്യന്മാരെ ശിഷ്യത്വത്തിൽ വളർത്തിയതും സാവകാശമാണ്. ആരംഭത്തിൽ ശിഷ്യത്വത്തിന്റെ ബാലപാഠങ്ങൾ മാത്രമേ അവിടുന്ന് ശിഷ്യരെ പഠിപ്പിച്ചുള്ളൂ. ശിഷ്യത്വത്തിലുള്ള വളർച്ചയിൽ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമൊക്കെ സാവകാശമാണ് ഈശോ ശിഷ്യർക്കു വെളിപ്പെടുത്തിയത്. ശിഷ്യർക്ക് ലോകത്തിൽനിന്നും നേരിടാൻ പോകുന്ന പീഡനങ്ങളെക്കുറിച്ച് പഠിപ്പിച്ചുകൊണ്ട് ഈശോ പറയുന്നു: "അവരുടെ സമയം വരുമ്പോൾ ഇതു ഞാൻ പറഞ്ഞിരുന്നു എന്നു നിങ്ങൾ ഓർമ്മിക്കാൻവേണ്ടി ഞാൻ ഇതു നിങ്ങളോടു പറഞ്ഞിരിക്കുന്നു. ഇക്കാര്യങ്ങൾ ആരംഭത്തിലേ നിങ്ങളോടു പറയാതിരുന്നത് ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരുന്നതുകൊണ്ടാണ്" (യോഹ 16:4). മിശിഹായോടൊത്തുള്ള ജീവിതത്തിൽ വളർച്ച നാം ഉറപ്പാക്കണം. വിശ്വാസജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ള വളർച്ച എങ്ങനെയുണ്ടാകണമെന്ന് കണ്ടെടുക്കുവാനും ആ വളർച്ച ഉറപ്പാക്കുവാനും നാം നിരന്തരമായി ശ്രമിക്കണം.




# “സ്നേഹിച്ചുകൊണ്ടു മാത്രമേ പടുത്തുയർത്താനാവൂ”

**(ദൈവദാസൻ ബിഷപ് വില്യം ജകീൻതാ)**




**മങ്ങാടൻ**

ഒരു നാളിൽ തലയുയർത്തി നിന്നിരുന്ന പള്ളിക്കൂടമായിരുന്നു സെന്റ് മേരീസ് ഹൈസ്കൂൾ... ഇടക്കാലംകൊണ്ട് നിലവാരം ഒന്നു മങ്ങി... അദ്ധ്യാപകരുടെ അർപ്പണമനോഭാവത്തിന്റെ കുറവാണോ? അതോ സ്വന്തം കാര്യങ്ങൾക്ക് ഒന്നാം സ്ഥാനം കൊടുത്തതുകൊണ്ടാണോ എന്നറിയില്ല. ഏതായാലും ഡിവിഷൻ ഫോളിലെത്തി കാര്യങ്ങൾ.... ഈ സാഹചര്യത്തിലാണ് മേരിയമ്മ പ്രഥമാദ്ധ്യാപികയായി വിദ്യാലയത്തിലേക്കു കടന്നുവന്നത്. ഒറ്റ നോട്ടത്തിലേ നമുക്കറിയാം അമ്മത്വം നിറഞ്ഞുതുളുമ്പുന്ന ഒരു സ്ത്രീ. ബാഹ്യസൗന്ദര്യം അത്രയ്ക്കൊന്നുമില്ലെങ്കിലും ഹൃദയം ശുദ്ധമെന്ന് ഒരു മാത്ര കണ്ടാലറിയാം. അമ്മത്വവും ഹൃദയശുദ്ധിയും ഒന്നുചേർന്നപ്പോൾ അദ്ധ്യാപകരുടെയിടയിൽ ഐക്യം സംജാതമായി.

ജ്ഞാനം സിദ്ധിച്ചവൻ ദൈവത്തിന്റെ സൗഹൃദം തേടുന്നു. പ്രാർത്ഥനയെ ആയുധമാക്കിയെടുത്തപ്പോൾ പ്രതീക്ഷിക്കാത്ത അത്ഭുതങ്ങൾ സംഭവിച്ചു തുടങ്ങി... ഒരു കുഞ്ഞിന്റെ വളർച്ചയെ കൊതിയോടെ നോക്കിക്കണ്ട് സെറിലാക്കും കുറുക്കും കലക്കിക്കൊടുക്കുന്നതുപോലെ ആവശ്യമുള്ളിടത്ത് ആവശ്യമുള്ളവ സ്നേഹത്തോടെ കൊടുക്കാൻ അമ്മത്വം തയ്യാറായി. ഓരോ പ്രവൃത്തി ദിനവും ആരംഭിക്കുന്നത് തമ്പുരാന്റെ കരംപിടിച്ച്... അതും എണ്ണിയാൽ തീരാത്ത പ്രാർത്ഥനകളോടെ.... മേരിയമ്മ ഒറ്റയ്ക്കല്ല എല്ലാ അദ്ധ്യാപകരും ഒരുമിച്ച്... സംസാരത്തിൽ സ്നേഹം നിർബന്ധിക്കുന്ന എളിമ നിലനിന്നിരുന്നു. പ്രായഭേദമെന്യേ എല്ലാവരോടും അത്ര ഹൃദ്യമായി സംസാരിക്കുന്നു. കുഞ്ഞുങ്ങൾ ഓഫീസിൽ കയറിവന്ന് സംസാരിക്കാൻ മടിക്കുമ്പോൾ അവരുടെ അരികിലേക്ക് വേഗം കടന്നുചെന്ന് ആവശ്യങ്ങൾ തിരക്കുവാൻ മടികാണിക്കാത്ത മേരിയമ്മ...

അധികാരത്തിന്റെ അഹങ്കാരഭാവം തെല്ലും കൈയിലെടുക്കാനിഷ്ടപ്പെടാതെ സൗഹൃദത്തിന്റെ സ്നേഹവലയത്തിൽ അധീനരെ ഉൾപ്പെടുത്തി കൂട്ടുകുടുംബത്തിന്റെ ഊഷ്മളത പകർന്ന മേരിയമ്മത്വം... ഫലമോ കയ്യും മെയ്യും മറന്ന് സഹ അദ്ധ്യാപകർ വീടുവീടാന്തരം കയറിയിറങ്ങി. സമയത്തിന് പരിധി വയ്ക്കാതെ വിദ്യാലയത്തിൽ അവർ പ്രവർത്തനമാരംഭിച്ചു.

ഇന്ന് രണ്ടായിരത്തി എണ്ണൂറ് കുട്ടികളുമായി യാതൊരു ഭയവും കൂടാതെ സസന്തോഷം നീങ്ങുന്നു സെന്റ് മേരീസ് ഹൈസ്കൂൾ... കലാകായിക തലങ്ങളിലും ഒന്നാമത്. ഈ വിജയമൊന്നും ഒരു വ്യക്തിയുടെ മാത്രം പ്രയത്നഫലമല്ല. സ്നേഹത്തിൽ ഒന്നുചേർന്ന ഒരു കൂട്ടം അദ്ധ്യാപകരുടെ പ്രയത്നത്തിന്റെ ഫലം; മുകളിൽ തമ്പുരാന്റെ കരവും... ദൈവദാസനായ വില്യം ജകീൻതാ പിതാവ് ഓർമ്മപ്പെടുത്തുന്നത് മറക്കാതിരിക്കാം ‘‘സ്നേഹിച്ചുകൊണ്ടു മാത്രമേ പടുത്തുയർത്താനാവൂ”.



# സ്നേഹം ദാനമായി നമ്മുടെയിടയിൽ വസിക്കുന്നു...

**അനു കുരിശുംമൂട്ടിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ക്രിസ്തുമസ്സ് ആഗതമായി! ഞാൻ ആകാശത്തിലേക്ക് നോക്കി. നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നു. ഞാൻ ഭൂമിയിലേക്ക് നോക്കി. സൃഷ്ടജാലങ്ങൾ അവന് കീർത്തന മാലയൊരുക്കുന്നു. ഞാൻ എന്റെ ഉള്ളിലേക്ക് നോക്കി. ബഹുവിധ കച്ചവടങ്ങളും മത്സരങ്ങളുമായി രംഗം കൊഴുക്കുന്നുണ്ട്. ആരുടെ തിരുനാൾ ആഘോഷിക്കുന്നുവോ അവനൊഴികെ എല്ലാം അരങ്ങു തകർക്കുന്നു. സർവപ്രപഞ്ചവും മിശിഹായുടെ ജനനം ആഘോഷിക്കുകയാണ്. തന്നെ സമീപിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യകുലത്തെ താല്പര്യപൂർവം കാത്തിരിക്കുന്ന ദിവ്യശിശു.,, നമ്മെ തേടിയിറങ്ങിയ ദൈവപുത്രൻ... അവൻ മാത്രം അനാഥൻ! അവന്റെ പേരിൽ ഉയർന്നു പൊങ്ങുന്ന നക്ഷത്രങ്ങളും ഇല്ലായ്മയെ പുൽകാൻ അവൻ പ്രതീകമാക്കിയ പുൽക്കൂടും, പങ്കിട്ടേകുന്ന മധുരവും സംശുദ്ധ സ്നേഹത്തിന്റെ അഭാവംമൂലം 'അരുചി' പേറുന്നുണ്ട്.




എന്താണ് മിശിഹായുടെ ജനനത്തിന്റെ കാതൽ?

അവിടുന്ന് മനുഷ്യനെ സ്നേഹിക്കുന്നു. അതിനാൽ എല്ലാറ്റിലും വലിയവൻ അവാച്യമായ വിനീതാവസ്ഥയിലേക്ക് താണിറങ്ങി. തന്റെ സന്തോഷത്താൽ മനുഷ്യകുലത്തെ പൊതിഞ്ഞു. അവിടുത്തെ മനുഷ്യാവതാരം ആശയറ്റവർക്ക് പ്രത്യാശ പൊട്ടിയൊഴുകുന്ന ഉറവയായി. മനുഷ്യബുദ്ധിക്ക് അത്ഭുതമുളവാക്കുന്നതാണ് അവിടുത്തെ സ്നേഹം. മാർ അപ്രേമിന്റെ വർണ്ണന നമുക്കു ശ്രദ്ധിക്കാം.

"തന്നെത്തന്നെ എല്ലാവരിലും വർഷിക്കുന്ന ശിശുവേ, നീ എത്ര ധൈര്യശാലിയാണ്! നിന്നെ സമീപിക്കുന്നവരോടെല്ലാം നീ പുഞ്ചിരിക്കുന്നു. നിന്നെ കാണുന്ന ഓരോരുത്തനെയും സമീപിക്കാൻ നീ ആകാംക്ഷാപൂർവം കാത്തിരിക്കുന്നു. മനുഷ്യർക്കുവേണ്ടി നിന്റെ സ്നേഹം ദാഹിക്കുന്നു.

നിന്നെ കണ്ടവരിൽ എല്ലാം, ധനികരിലും ദരിദ്രരിലും എല്ലാം സ്വയം സമർപ്പിക്കുവാൻ നിന്നെ പ്രേരിപ്പിക്കുന്നത് എന്താണ്? അവർ നിന്നെ വിളിച്ചപേക്ഷിക്കാതെ തന്നെ നീ അവരുടെകൂടെ പാർക്കുന്നു,

നിന്റെ സ്നേഹം ആർക്കു വിവരിക്കാനാവും? ഈ സുന്ദര ശിശുവിന്, സന്തുഷ്ടശിശുവിന് തുല്യനായി ആരുണ്ട്?

*(മനുഷ്യാവതാര ഗീതങ്ങൾ 13:12, 14; 14,2).*

സൃഷ്ടപ്രപഞ്ചവും വിശിഷ്യ മനുഷ്യവ്യക്തികൾ ഓരോരുത്തരും ദൈവത്തിന്റെ സവിശേഷശ്രദ്ധയ്ക്കും സ്നേഹത്തിനും പാത്രീഭൂതരാണ് എന്നതാണ് ക്രിസ്തുമസ്സിന്റെ ഏറ്റവും വലിയ സന്ദേശം! സ്നേഹത്തിന്റെ അതിർത്തികൾ വിശാലമാക്കുമ്പോൾ ദൈവസ്നേഹത്തിന്റെ അത്ഭുതങ്ങൾ ജീവിതത്തിൽ ദർശിക്കാനാവും! അതിരറ്റ ആത്മീയാനന്ദവും സമാധാനവുമാണ് ക്രിസ്തുമസ്സ് വച്ചുനീട്ടുന്ന ഫലങ്ങൾ! ഇവ ആസ്വദിക്കണമെങ്കിൽ സുഖദുഃഖസമ്മിശ്രമായ നമ്മുടെ ജീവിതത്തെ ദൈവത്തിന് ഭരമേല്പിക്കണം. അവിടുന്നു നൽകുന്ന സന്തോഷത്തെ നമ്മുടെ ഹൃദയങ്ങളിൽ കുടിയിരുത്തണം. നമുക്കുവേണ്ടി സ്വയം ശൂന്യനായ ദൈവത്തിന്റെ കരുണയെ വിശ്വാസത്തിന്റെ ഉൾക്കണ്ണുകളാൽ സ്നേഹം നിറച്ച ഹൃദയംകൊണ്ട് പരിമളധൂപംപോലെ ശുദ്ധമായ പ്രാർത്ഥനവഴി നമുക്കു ധ്യാനിക്കാം.

"നമ്മുടെ കൃതജ്ഞത ഒരിക്കലും ആവശ്യമില്ലാത്തവനു സ്തുതി! എങ്കിലും നമ്മെ സ്നേഹിക്കുന്നതിനാൽ അവിടുന്ന് ആവശ്യക്കാരനായിത്തീർന്നു; നമ്മെ താലോലിക്കുന്നതിനാൽ അവിടുന്ന് ദാഹാർത്തനായി, നമുക്കു ധാരാളമായി നൽകുന്നതിന്, അവിടുത്തേക്ക് നൽകാൻ നമ്മോടാവശ്യപ്പെടുന്നു. അവിടുന്ന് നമുക്കുവേണ്ടി താഴേക്കു വളഞ്ഞുവന്നു; തന്നിലേക്കു നമ്മെ വലിച്ചടുപ്പിക്കാൻ, തന്റെ ഫലം നമ്മുടെ മനുഷ്യപ്രകൃതിയുമായി കലർത്തപ്പെട്ടു" *(മനുഷ്യാവതാരഗീതങ്ങൾ 3, 17)*

നമ്മുടെ രക്ഷയ്ക്കായി അയയ്ക്കപ്പെട്ട നീരുറവയായ മിശിഹായെ നമുക്കു സ്തുതിക്കാം. നമ്മുടെ വേദനകളെ വഹിച്ച കാരുണ്യവാന് നന്ദി പറയാം. മനുഷ്യകുലത്തിന് ജീവൻ തിരിച്ചുനൽകിയ അവിടുത്തെ ആഗമനം നിറവുള്ള സ്നേഹത്തിൽ നമുക്ക് ആഘോഷിക്കാം. അതിന് ഈ ദിവ്യശിശുവിന്റെ ദൈവികഭാവങ്ങൾ മനുഷ്യത്വത്തെ എങ്ങനെ മകുടമണിയിച്ചു എന്നു നാം പഠിക്കേണ്ടതുണ്ട്. ബുദ്ധികൊണ്ടല്ല, ഹൃദയംകൊണ്ടൊരു പുനർവായന നടത്തണം. കൂടുതൽ ഒന്നും അവൻ ആവശ്യപ്പെടുന്നില്ല എന്നതിന് സുവിശേഷം സാക്ഷി... സ്നേഹം ഉപ്പായി ജീവിതം രുചിയുള്ളതായാൽ... കരുണയുടെ കൈവിളക്കുമായി അപരന്റെ ജീവിതത്തിന്റെ തിരി തെളിച്ചാൽ... ക്ഷമയുടെ മാധുര്യത്തിൽ തിന്മയുടെ കയ്പിനെ ദൂരെയകറ്റാനായാൽ... സന്തോഷത്തിന്റെ തൈലത്താൽ സഹോദരന്റെ മുറിവുണക്കാനായാൽ... സംശയമില്ല മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ പുൽക്കൂടാണ് നാം!... ദിവ്യപൈതലിന് താരാട്ടു പാടുന്ന, തീറ്റിപ്പോറ്റുന്ന, വിശുദ്ധമായ ലോകത്തെ സ്വപ്നം കണ്ട് ശാന്തമായി ഉറങ്ങാൻ വേദിയൊരുക്കുന്ന പുൽക്കൂട്! അങ്ങനെയൊരു പുൽക്കൂടായി നമ്മുടെ ജന്മം സഫലമാകാൻ പ്രാർത്ഥിക്കാം! യത്നിക്കാം!




വിശുദ്ധരോടൊപ്പം

# തിരുവചനത്തിന്റെ ശ്ലീഹാ

## സിയേനയിലെ വി. ബർണർദ്ദീൻ



**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്ത്വം, പിതാവിന്റെ ഏകജാതന്റെ മഹത്ത്വം, കൃപയും സത്യവും നിറഞ്ഞതായി നാം കണ്ടു" (യോഹ 1:14)

വചനം !!! തിരുവചനം പ്രഘോഷിച്ചുകൊണ്ട് ജനലക്ഷങ്ങളെ ആവേശഭരിതരും പശ്ചാത്താപവിവശരുമാക്കിയ ഫ്രാൻസിസ്കൻ വൈദികനാണ് സിയേനയിലെ വിശുദ്ധ ബർണദ്ദീൻ. അതിരാവിലെ പൊതുസ്ഥലത്ത് ഫാ. ബർണർദ്ദീൻ അർപ്പിച്ചിരുന്ന ദിവ്യബലിയിൽ ഭാഗഭാക്കാകാൻ പതിനായിരക്കണക്കിന് ജനങ്ങൾ തടിച്ചുകൂടുമായിരുന്നെന്ന് വി. ജോൺ കാപിസ്ട്രനെപ്പോലെയുള്ള സമകാലിക ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. വികാരഭരിതവും ഭക്തിസാന്ദ്രവുമായ ആ പ്രഭാഷണം പണ്ഡിതരെയും നിരക്ഷരെയും ഒരേപോലെ ആകർഷിച്ചു. 45 വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ദേഹത്തിന്റെ പ്രസംഗപരമ്പര നാലഞ്ചുദിവസം നീണ്ടുനിൽക്കുന്നതായിരുന്നു.

ഉദ്ധരണികളും തമാശക്കഥകളും നിറഞ്ഞ ആ ശൈലിക്ക് ആൽപ്സിന്റെ ഔന്നത്യവും അറ്റ്ലാന്റിക്കിന്റെ ആഴവും ഉണ്ടായിരുന്നു. ഇറ്റലിയിലെ പല നഗരങ്ങളും ഈ പുരോഹിതന്റെ ഉപദേശമനുസരിച്ച് നിയമങ്ങൾ പൊളിച്ചെഴുതി. രാഷ്ട്രീയകാരണങ്ങളുടെ പേരിൽ പുറത്താക്കപ്പെട്ടിരുന്ന പലരേയും തിരിച്ചുവിളിക്കാനും കണ്ടുകെട്ടിയ സ്വത്തുക്കൾ വിട്ടുകൊടുക്കാനും പല ഭരണകൂടങ്ങളും തയ്യാറായി.




ഇറ്റലിയിലെ ടസ്കനിയിലുള്ള സിയേനയ്ക്ക് സമീപം മാസാ മാരിറ്റിമ എന്ന സ്ഥലത്ത് 1380 സെപ്റ്റംബർ എട്ടിന് പരി. അമ്മയുടെ ജനനത്തിരുനാൾ ദിവസത്തിൽ ബർണർദ്ദീൻ ജനിച്ചു. ബാല്യകാലം മുതൽ എല്ലാ ശനിയാഴ്ചയും മാതാവിനോടുള്ള ഭക്തി സൂചകമായി ഉപവസിച്ചിരുന്നു. പതിനേഴാമത്തെ വയസ്സിൽ മാതാവിന്റെ സൊഡാലിറ്റിയിൽ അംഗമായി.

1417 സെപ്റ്റംബർ എട്ടിന് മിലാനിൽ ബർണർദ്ദീൻ തന്റെ പ്രഭാഷണയാത്രയ്ക്കു തുടക്കംകുറിച്ചു. തുടർന്നു ലൊംമ്പാർഡിയിലും ഇറ്റലി മുഴുവനും കാൽനടയായി കടന്നുചെന്നു. ഗ്രീക്ക് ഭാഷയിൽ ഈശോയുടെ തിരുനാമത്തെ സൂചിപ്പിക്കുന്ന IHS എന്നെഴുതിയ പ്ലാക്കാർഡും കൈയിലേന്തിയായിരുന്നു യാത്ര. ഇതോടെ ജനങ്ങളിൽ നല്ല പങ്കും തങ്ങളുടെ വീടുകളിൽ ഈ ചിഹ്നം പ്രദർശിപ്പിച്ചുതുടങ്ങി.


1444 ഏപ്രിൽ ഒന്നിന് ജന്മനാടായ മാസാ മാരിറ്റിമയിൽനിന്നും അവസാനത്തെ പ്രസംഗ പരമ്പര അമ്പതുദിവസം നീണ്ടുനിന്നു. നേപ്പിൾസ് പിന്നിട്ട് അംബ്രൂസിയിലെത്തിയ അദ്ദേഹം മെയ് 20ന് അക്വിലായിൽ വച്ച് അന്ത്യശ്വാസം വലിച്ചു. അവിടെ അദ്ദേഹത്തിന്റെ കല്ലറയിലെത്തി പ്രാർത്ഥിച്ച അനേകർക്ക് അത്ഭുതകരമായ അനുഭവമുണ്ടായി. പതിനഞ്ചാം നൂറ്റാണ്ടിലെ ഏറ്റവും പ്രഖ്യാതനായ ഈ മിഷനറി മരിച്ച് ആറുവർഷം കഴിഞ്ഞപ്പോൾ വിശുദ്ധനായി ഉയർത്തപ്പെട്ടു.

"ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ" എന്നരുൾ ചെയ്ത് വചനമായ ഈശോയെ ജീവിതത്തിലേക്ക് ഏറ്റുവാങ്ങിയ പരി. അമ്മയെപ്പോലെ, തിരുവചനം പ്രഘോഷിച്ചുകൊണ്ട് അനേകരെ ഈശോയിലേക്ക് ആനയിച്ച വിശുദ്ധ ബർണർദ്ദീനെപ്പോലെ നമ്മുടെ ഈ മംഗലവാർത്തക്കാലത്ത് വചനത്തെ, ഈശോയെ ജീവിതത്തിലൂടെ പ്രഘോഷിക്കാം....വിശുദ്ധരാകാം.

നമുക്കു പ്രാർത്ഥിക്കാം:

''താതനുമാത്മജനും
നമ്മുടെ സോദരരിൽ
ശാന്തി പൊഴിക്കട്ടെ
വിശ്വാസോജ്വലസ്നേഹത്താൽ
നമ്മെയലംകൃതരാക്കട്ടെ
നാഥനെ നിതരാം സ്നേഹിക്കും
മാനവരാശിയലന്യൂനം
കാരുണ്യം - ദൈവം ചൊരിയട്ടെ"

*(മംഗലവാർത്തക്കാലം, ചൊവ്വ-സപ്രാ)*








# മറിയം ദൈവത്തെ സ്വന്തമാക്കിയവൾ

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

രാ രാജാവിന്റെ ജന്മദിനം ആഘോഷിക്കാൻ വന്നവർക്കായി രാജാവ് ഒരു സമ്മാനം പ്രഖ്യാപിച്ചു. 'കൊട്ടാരത്തിലെ ഏതു വസ്തുവിൽ നിങ്ങൾ തൊടുന്നുവോ അത് നിങ്ങൾക്ക് സ്വന്തമാക്കാം'. പലരും പലതും സ്വന്തമാക്കാൻ ഓടിയപ്പോൾ കൂട്ടത്തിലെ ഒരു മിടുക്കൻ രാജാവിനെ ചെന്നു തൊട്ടു... ഇതാ രാജാവും രാജാവിനുള്ളതും അവനു സ്വന്തം. അവൻ ആനന്ദിച്ചാറാടി. ദൈവത്തെ സ്വന്തമാക്കുന്നവനു ലഭിക്കുന്ന സൗഭാഗ്യമാണിത്. ദൈവവും ദൈവത്തിനുള്ളതും അവനു സ്വന്തം.

സ്വന്തമാക്കേണ്ടതിനെ സ്വന്തമാക്കിയവളാണ് മറിയം. മറിയം ദൈവത്തെ സ്വന്തമാക്കി, ദൈവം അവളെ സ്വന്തമാക്കി. മാലാഖയുടെ ചോദ്യങ്ങൾക്ക് ഒടുവിൽ മറിയം പറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി" ആദ്യവ്രതവും നിത്യവ്രതവും ആ ഒറ്റ വാക്കിൽ പൂർണ്ണമായി.




ദൈവാത്മാവുകൊണ്ട് നിറഞ്ഞ വ്യക്തിക്ക് വെറുതെയിരിക്കാൻ സാധിക്കില്ല. മറിയം നന്മ നിറഞ്ഞവളാണ്. മറ്റുള്ളവർക്ക് നന്മ ചെയ്യുക എന്നത് ഏതൊരു ക്രിസ്തുവിശ്വാസിയുടെയും കടമയാണ്. മറിയത്തിന് അടുപ്പമുണ്ടായിരുന്നതുകൊണ്ട് തിടുക്കമുണ്ടായി. "തിടുക്കത്തിൽ യാത്ര പുറപ്പെട്ടു...." (ലൂക്കാ 1:39). തിടുക്കത്തിൽ പോയത് എലിസബത്തിന്റെ വീട്ടിലേക്ക് നന്മ ചെയ്യാൻ. നമ്മൾ ഓടുന്നത് നമ്മുടേതായ കാര്യങ്ങൾ വെട്ടിപിടിക്കാൻ. വെട്ടി പിടിച്ചതൊന്നും കൂടെകൊണ്ടുപോകാൻ കഴിയില്ലെന്നും ഒരു പിടി മണ്ണുപോലും സൂക്ഷിക്കാനാവില്ലെന്നും നമുക്കറിയാം. എന്നാലും ഭൂമിയിൽ നിക്ഷേപങ്ങൾ കരുതിവെക്കാനാണ് നമുക്കിഷ്ടം. അത് ഇരുമ്പും കീടങ്ങളും നശിപ്പിക്കുമെന്നറിഞ്ഞിട്ടും കള്ളൻമാർ തുരന്നെടുക്കുമെന്ന് അറിഞ്ഞിട്ടും.

മറിയത്തിന്റെ ആശ്രയം ദൈവത്തിലായിരുന്നു. 'ഇപ്പോൾ മുതൽ സകല തലമുറകളും എന്ന ഭാഗ്യവതി എന്നു വിളിക്കും. ശക്തനായവൻ എനിക്കായി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു" (ലൂക്കാ 1:48-49). 'തന്നെ ഒരു മൃഗമായോ സ്ത്രീയായോ സൃഷ്ടിക്കാതിരുന്നതിന് ദൈവമേ നന്ദി' എന്നു പറഞ്ഞ് യഹൂദപുരുഷൻ പ്രഭാതം ആരംഭിക്കുന്ന ഒരു സമൂഹത്തിലാണ് മറിയം ഇങ്ങനെ പറയുന്നതെന്നോർക്കണം. കാനായിലെ കല്യാണവീട്ടിൽവച്ച് ഒരു പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടി വന്നപ്പോൾ മറിയം പറയുന്നത് ശ്രദ്ധിക്കണം "അവൻ പറയുന്നതുപോലെ നിങ്ങൾ ചെയ്യുവിൻ" (യോഹ 2:5).

ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ലന്നുള്ള വിശ്വാസം നമ്മിൽ ആഴപ്പെടണം. അവൻ പറയുന്നതുപോലെ ചെയ്യാനേ നമുക്കു സാധിക്കൂ. അങ്ങനെ ചെയ്താലേ വീഞ്ഞാകൂ, അപ്പം വർദ്ധിക്കൂ, മരിച്ചവർ പുറത്തുവരൂ.

ദൈവാത്മാവ് നിറഞ്ഞ മറിയം ചെന്നിടത്തെല്ലാം ആത്മാവിന്റെ സാന്നിധ്യം ഉണ്ടായിരുന്നു. മറിയത്തിന്റെ അഭിവാദന സ്വരം കേട്ട മാത്രയിൽ എലിസബത്ത് പരിശുദ്ധാത്മാവിനെകൊണ്ട് നിറഞ്ഞത് അതുകൊണ്ടാണ്. നമ്മുടെ വാക്കുകളും പ്രവൃത്തികളും ഒരു ആത്മപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. തോക്ക് ഉപയോഗിച്ച് അനേകരെ കൊല്ലാൻ സാധിക്കും. എന്നാൽ വാക്കുപയോഗിച്ച് അതിലും കൂടുതൽ പേരെ ഇല്ലാതാക്കാൻ സാധിക്കും. ഈ വെടിയുണ്ടയേറ്റ് അനേകം ജീവിതങ്ങൾ തകർന്നിട്ടുണ്ട്. ഒരു വാക്കുകൊണ്ട് ദൈവം ലോകത്തെ സൃഷ്ടിച്ചു. അത് നല്ലതെന്നു ദൈവം കണ്ടു. നമ്മുടെ വാക്കുകൾകൊണ്ട് നന്മ സൃഷ്ടിക്കാൻ സാധിക്കണം. സംഹാരത്തിന്റെയും സൃഷ്ടിയുടെയും വാക്കുകൾ വരുന്ന നാവിനെ കടിഞ്ഞാണിട്ടു നിയന്ത്രിച്ചു നമ്മുടെ വരുതിക്കു നിറുത്താൻ ശ്രമിച്ചില്ലെങ്കിൽ വേൾഡ് ട്രേഡ് സെന്റർ തകർന്നതിലും വലിയ ദുരന്തങ്ങൾ ഓരോ ദിവസവും സമൂഹത്തിലുണ്ടാകും.

> *വചനം മാംസം ധരിച്ചത് അങ്ങനെ നാം ദൈവത്തിന്റെ സന്ദേശം ഗ്രഹിക്കുവാൻവേണ്ടിയാണ്. "തന്റെ ഏകപുത്രൻവഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ ദൈവത്തിന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടിരിക്കുന്നു" (1 യോഹ 4:9). "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16).*
>
> *(കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 458)*



# മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും...

മേഴ്സി വെട്ടിക്കുഴക്കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഓണാഘോഷത്തോട് അനുബന്ധിച്ചുള്ള മിഠായിപെറുക്കലിന് ഫസ്റ്റ് വാങ്ങിയ മരിയാമോൾക്ക് ഒരു വലിയ സമ്മാനപ്പൊതിയാണ് ഇപ്രാവശ്യം വികാരിയച്ചനിൽനിന്നും കിട്ടിയത്. വീട്ടിലേക്ക് സന്തോഷത്താൽ ഓടിയെത്തിയ മരിയാമോൾ സമ്മാനപ്പൊതി അഴിച്ചപ്പോൾ “മമ്മീ ഇതു പൊട്ടിയിരിക്കുന്നല്ലോ” എന്നു വിളിച്ചുപറഞ്ഞ് വിതുമ്പികൊണ്ട് അമ്മയുടെ അടുക്കലേക്കോടി. അവളുടെ കുഞ്ഞുമനസ്സിന്റെ നൊമ്പരം മാറ്റുവാനായി “സാരമില്ല മോളേ, അടുത്ത ക്രിസ്തുമസ്സിന് മോൾക്ക് പൊട്ടാത്ത സമ്മാനം ഉണ്ണിയീശോ തരുമല്ലോ” എന്നു പറഞ്ഞ് അവളെ വാരിപ്പുണർന്നു.

മരിയാമോളുടെ അമ്മ പറഞ്ഞതുപോലെ ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ പിള്ളക്കച്ചയിൽ പൊതിഞ്ഞ ഒരു സമ്മാനപ്പൊതി സ്വർഗീയ പിതാവ് നമുക്കായി നല്കിയിരിക്കുന്നു. മനുഷ്യമനസ്സുകളുടെ മുറിവുണക്കുവാൻ, മനുഷ്യഹൃദയത്തിൽ പ്രത്യാശയുടെ പൊൻകതിർ തൂകുവാൻ, മനുഷ്യകുലത്തിന് രക്ഷയുടെ അനുഭവം പ്രദാനം ചെയ്യുവാൻ സ്വർഗീയ മഹത്ത്വം വെടിഞ്ഞ് ദൈവപുത്രൻ ഭൂമിയിൽ അവതരിച്ചു. ഈ സത്യമല്ലേ അനുദിനം

വിശ്വാസപ്രമാണമായി നാം ഏറ്റുചൊല്ലുക - **'മർത്ത്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും അവിടുന്നു സ്വർഗത്തിൽനിന്നിറങ്ങി'.**

**മാംസമായ വചനം നമ്മുടെയിടയിൽ**

*"വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്ത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞ പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം"* (യോഹ 1:14). മാംസമായി, മനുഷ്യനായി അവതരിച്ചതുകൊണ്ടാണ് അവിടുത്തെ മഹത്ത്വം മനുഷ്യനു കാണാനിടയായത്. ആകയാൽ മിശിഹായുടെ മനുഷ്യാവതാരത്തിലുള്ള വിശ്വാസം വിശുദ്ധിയിലേക്കും പരമാവധി സ്നേഹത്തിലേക്കും നമ്മെ വിളിക്കുന്നു. മിശിഹായുടെ മനുഷ്യാവതാരത്തിൽ നമ്മൾ വിശ്വസിക്കുന്നുവെങ്കിൽ തീർച്ചയായും നമ്മൾ വിശുദ്ധരായിത്തീരും. കാരണം മനുഷ്യനായി അവതരിച്ച ഈശോമിശിഹാ കൃപയും സത്യവും നിറഞ്ഞവനായിരുന്നു. ***'കൃപയും സത്യവും' എന്നതുകൊണ്ട് അർത്ഥമാക്കുക ദൈവത്തിന്റെ നിലയ്ക്കാത്ത സ്നേഹവും മാറ്റംവരാത്ത വിശ്വസ്തതയുമാണ്.*** ദൈവത്തെ കാണുവാനായി മോശെ ആഗ്രഹിച്ചുവെങ്കിലും അവിടുത്തെ മുഖം ദർശിക്കുവാൻ മോശെയ്ക്കു കഴിഞ്ഞില്ല. പുറപ്പാടു പുസ്തകത്തിൽ ഇങ്ങനെ നാം വായിക്കുന്നു: *"അവിടുന്ന് ഇപ്രകാരം ഉദ്ഘോഷിച്ചുകൊണ്ട് അവന്റെ മുൻപിലൂടെ കടന്നുപോയി; കർത്താവ് കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ"* (പുറ 34:6).

ദൈവത്തിന്റെ ഈ നിലയ്ക്കാത്ത സ്നേഹവും മാറ്റം വരാത്ത വിശ്വസ്തതയും മനുഷ്യനായി അവതരിച്ചപ്പോഴാണ് മനുഷ്യനു ദൃശ്യമായത്. സ്നേഹവും വിശ്വസ്തതയും എന്നത് അവിടുത്തെ വിശുദ്ധി അഥവാ പരമാവധി സ്നേഹം തന്നെയാണ്. **ദൈവം മനുഷ്യനായി എന്നു വിശ്വസിക്കുന്ന ഏതൊരാൾക്കും - അവിടുത്തെ സ്നേഹം അനുഭവിച്ച ഏതൊരു വ്യക്തിക്കും സ്നേഹമില്ലാതെ, വിശ്വസ്തതയില്ലാതെ ഒരു നിമിഷം പോലും ജീവിക്കാനാവില്ല.** ഈശോയിൽ പ്രത്യക്ഷപ്പെട്ട ദൈവത്തിന്റെ വലിയ സ്നേഹം അനുഭവിച്ചറിഞ്ഞ് തന്റെ ജീവിതം മുഴുവൻ ആ സ്നേഹത്തിനായി സമർപ്പിച്ച വി. പൗലോസ് ശ്ലീഹാ *"നിങ്ങൾ കുറ്റമറ്റ ദൈവമക്കളായി വ്യാപരിക്കുവിൻ"* എന്നാണല്ലോ നമ്മെ ഉദ്ബോധിപ്പിക്കുക.

**അവതരിച്ച വചനത്തിന്റെ മാതാവ്**

പരിപൂർണ്ണമായും ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവളായ മറിയത്തെ കൃപകൊണ്ടു നിറയ്ക്കുവാൻ തക്കവിധം ദൈവത്തിന്റെ കാരുണ്യം കവിഞ്ഞൊഴുകി. ദൈവത്തിന്റെ നിലയ്ക്കാത്ത സ്നേഹവും മാറ്റം വരാത്ത വിശ്വസ്തതയും കാരുണ്യവും അതിമനോഹരമായി ധ്വനിപ്പിക്കുന്ന സംഗീതമായി മാറുകയായിരുന്നു അവളുടെ ജീവിതം. അതുല്യമായ കൃപാവരങ്ങൾകൊണ്ട് അഴകേറിയതായിരുന്നു പരി. അമ്മയുടെ ജീവിതം. ദൈവസാന്നിധ്യത്തിന്റെ മധുരമനോഹരമായ സൗഭാഗ്യം നുകർന്ന പരി. അമ്മ അവിടുത്തെ രക്ഷാകരപ്രവർത്തനത്തിന് പരിപൂർണ്ണ സംലഭ്യതയുള്ള ഉപകരണമായി തന്നെത്തന്നെ വിട്ടുകൊടുത്തു. *"ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു"* (ലൂക്കാ 1:49) എന്ന് ഉദ്ഘോഷിച്ച പരി. മറിയം തനിക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണെന്ന് വിശ്വസിച്ചു. പരി. മറിയത്തിന്റെ സ്തോത്രഗീതം അവളുടെ ഹൃദയസ്പന്ദനങ്ങളുടെ ബഹിർസ്ഫുരണമായി നമുക്കു മനസ്സിലാക്കുവാൻ കഴിയും.

ദൈവകൃപയുടെ നിറവ് ഏറ്റുവാങ്ങിയ പരി. അമ്മ തന്റെ ഇളയമ്മയായ ഏലീശ്വായെ ശുശ്രൂഷിക്കാനായി യൂദയായിലെ മലമ്പ്രദേശത്തുകൂടി തിടുക്കത്തിൽ യാത്രയാവുന്നു. അവളുടെ സാന്നിധ്യത്തിൽ '*'എലിസബത്തിന്റെ ഉദരത്തിൽ ശിശു ആനന്ദത്താൽ കുതിച്ചുചാടി"* (ലൂക്കാ 2. 41). ഏറ്റം വലിയ കൃപയുടെ നിറവ് ലഭിച്ച പരി. മറിയം എത്ര വലിയ മാതൃകയാണ് നമ്മുടെ മുമ്പിൽ വരച്ചുകാട്ടുക. അരൂപിയുടെ നിറവിൽ ശുശ്രൂഷകയായിത്തീർന്ന പരി. അമ്മ സഭയുടെ പ്രതീകമാണ്. **പരി. മറിയത്തെപ്പോലെ അപരനിൽ അരൂപിയുടെ ചലനം**

**സൃഷ്ടിക്കുവാൻ നമുക്കും കഴിയേണ്ടതുണ്ട്.** നമ്മുടെ ശുശ്രൂഷാജീവിതവും നമ്മുടെ സാന്നിധ്യത്തിന്റെ അനുഭവവും അപരനിൽ വരുത്തുന്ന സ്വാധീനത്തെ വിലയിരുത്തേണ്ടിയിരിക്കുന്നു.

**കൃപയുടെ പൂർണ്ണത - സ്നേഹത്തിന്റെ പൂർണ്ണത - വിശുദ്ധി**

പരസ്നേഹത്തെ കൃപയിൽനിന്നും വ്യത്യാസപ്പെടുത്തി കാണുക സാധ്യമല്ല. അത് കൃപയുടെ അനന്തരഫലമാണ്. സ്നേഹത്തിന്റെ അളവ് കൃപയുടെ അളവിനെ ആശ്രയിച്ചാണിരിക്കുക. അതുകൊണ്ട് എത്രമാത്രം കൃപയുണ്ടോ അത്രമാത്രം സ്നേഹവുമുണ്ടായിരിക്കും.


പരി. മറിയത്തിൽ കൃപയുടെ പൂർണ്ണതയുണ്ടെങ്കിൽ അതിനാൽത്തന്നെ സ്നേഹത്തിന്റെ പൂർണ്ണതയും ഉണ്ടായിരിക്കണം. ഇതിനുംപുറമേ അമലോത്ഭവയായ മറിയത്തിൽ ദൈവത്തിന്റെ സ്നേഹത്തിനു കുറവു വരുത്തുന്ന ഒരു നിസ്സാര കാരണംപോലും ഉണ്ടാകുക സാധ്യമായിരുന്നില്ല. അവളുടെ സ്നേഹം വെറും വാക്കുകളിലോ വികാരവിചാരങ്ങളിലോ, ഒതുങ്ങുന്ന ഒരു സ്നേഹമായിരുന്നില്ല പ്രത്യുത യഥാർത്ഥമായ സ്നേഹമായിരുന്നു. അവളുടെ സ്നേഹം പ്രകടമാക്കേണ്ടിവന്നപ്പോൾ ദൈവത്തിന്റെ മുൻപിലും സഹോദരങ്ങളുടെ ഇടയിലും അവൾ അത് ചെയ്തു. *''ഇതാ കർത്താവിന്റെ ദാസി''* എന്ന മറുപടിയിൽ ദൈവതിരുമനസ്സ് നിറവേറ്റുവാനുള്ള അവളുടെ അദമ്യമായ ദാഹവും നമുക്കു മനസ്സിലാക്കാൻ കഴിയും. കാനായിലെ വിവാഹവിരുന്നിൽ പരി. മറിയം പ്രകടമാക്കിയ ശ്രദ്ധയും താൽപര്യവും, ഈശോയുടെ പരസ്യജീവിതകാലത്തെ പരി. മറിയത്തിന്റെ എളിയ മനോഭാവവും കാൽവരി ബലിവേദിയിലെ പരി. അമ്മയുടെ ശാന്തമായ സാന്നിധ്യവും നമ്മുടെ പരസ്നേഹത്തെ സ്വാധീനിക്കണം. *(ദൈവദാസനായ ബിഷപ് വില്യം ജക്വീൻതാ പിതാവിന്റെ ലിഖിതങ്ങളിൽ നിന്നും).*

**സദ്വാർത്തയുടെ ദൂതരായ്...**

ദൈവത്തിൽനിന്നും ഗബ്രിയേൽ ദൂതൻവഴിയാണ് രക്ഷയുടെ സദ്വാർത്ത ലോകത്തിനു നല്കപ്പെട്ടത്. പരി. അമ്മ രക്ഷയുടെ സംവാഹകയാണല്ലോ. ഗബ്രിയേൽ മാലാഖാവഴി സദ്വാർത്ത ലഭിച്ച കന്യകാമറിയം വചനം സ്വീകരിച്ച് ഈശോയെ ലോകത്തിനു പ്രദാനം ചെയ്തു. ദൈവത്തിന്റെ പരിശുദ്ധനായ മിശിഹായെ, മിശിഹായുടെ പരിശുദ്ധിയെ ലോകത്തിനു വെളിപ്പെടുത്തി. **ഇപ്രകാരംതന്നെ സദ്വാർത്തയുടെ ദൂതരായി - രക്ഷയുടെ സദ്വാർത്ത ലോകത്തിനു നല്കാൻ അയയ്ക്കപ്പെട്ട മാലാഖമാരാണ് ഓരോ ക്രൈസ്തവനും.** നമ്മുടെ രക്ഷയ്ക്കുവേണ്ടി മന്നിലവതരിച്ച് മിശിഹായിലുള്ള സത്യവിശ്വാസം മുറുകെപിടിച്ച്, സദ്ചിന്തകൾകൊണ്ട് ഹൃദയവും സദ്വചനംകൊണ്ട് അധരവും നിറച്ച് സദ്പ്രവൃത്തികളാൽ നിറഞ്ഞ ജീവിതംവഴി രക്ഷയുടെ സദ്വാർത്ത ലോകത്തിനു പകരാൻ ഇന്ന് ഈശോ നമ്മെയും ക്ഷണിക്കുന്നു. ആകയാൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി ദൈവത്തോടുള്ള മഹത്ത്വം മാറ്റിവച്ച് മനുഷ്യനായി അവതരിച്ച ഈശോമിശിഹാ ആകുന്ന അമൂല്യ സമ്മാനത്തെ ഹൃദയങ്ങളിൽ ഏറ്റുവാങ്ങുവാൻ, ലോകത്തിനു പ്രദാനം ചെയ്യാൻ നമുക്കേവർക്കും സാധിക്കട്ടെ.



# ദൈവദാസൻ ബിഷപ് വില്യം ജകീന്താ



# വിശുദ്ധിയുടെ മുത്തുകൾക്ക്

**കൂട്ടുകാരേ, സുവിശേഷങ്ങളില ഈശോയുടെ ജനനവിവരണങ്ങൾ ശ്രദ്ധയോടെ വായിച്ചതിനുശേഷം കോളത്തിൽ ചിതറിക്കിടക്കുന്ന അക്ഷരങ്ങൾ ചേർത്തുവച്ച് ഉത്തരം കണ്ടുപിടിക്കൂ. കണ്ടുപിടിക്കുന്ന ഉത്തരത്തിന്റെ അക്ഷരങ്ങൾ വെട്ടിക്കളയുക. അവസാനംവരുന്ന അക്ഷരങ്ങൾ ക്രമപ്പെടുത്തി വയ്ക്കുമ്പോൾ കിട്ടുന്ന വാക്കിന്റെ സുറിയാനിപദവും ശരിയായ ഉത്തരങ്ങളോടൊപ്പം അയച്ചുതരാൻ മറക്കല്ലേ...**

1. കന്യകയായ മറിയത്തിന്റെ അടുക്കലേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ട ദൂതൻ?
2. യൗസേപ്പിന് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടത് ആര്?
3. നീതിമാനും ദൈവഭക്തനും എന്ന് ലൂക്കാസുവിശേഷകൻ പറയുന്നത് ആരെക്കുറിച്ച്?
4. ഈശോ ജനിച്ചത് ഏതു രാജാവിന്റെ പട്ടണത്തിലാണ്?
5. ഈശോയുടെ ജനനം യൂദയായിലെ ബേത്‌ലഹേമിലായിരിക്കും എന്നു പ്രവചിച്ച പ്രവാചകൻ?
6. പ്രവാചികയായ അന്ന ആരുടെ പുത്രിയാണ്?
7. ഈശോയെ ദൈവാലയത്തിൽ കാഴ്ച സമർപ്പിച്ച അവസരത്തിൽ ശിമയോൻ മറിയത്തോടു പറഞ്ഞ വാക്കുകൾ ഏതു പ്രവാചകനിലൂടെ ദൈവം അരുൾചെയ്തതാണ്?
8. 'എന്റെ പുത്രനെ ഈജിപ്തിൽനിന്നു ഞാൻ വിളിച്ചു'. ഇത് ഏതു പ്രവാചകൻ വഴി കർത്താവു പറഞ്ഞ വചനമാണ്?

| | | | | | |
|---|---|---|---|---|---|
| ഏ | ക | ഗ | ക് | ദൂ | ക്കാ |
| ദാ | ൻ | ത്താ | ദ് | ന്റെ | ത |
| ൽ | നു | ബ്രി | മ | ഫ | ൽ |
| മി | വീ | യ്യാ | വേ | യാ | ൻ |
| വി | യേ | ശി | യോ | ശ | സി |
| ര | ഹോ | ൻ | ർ | ക | ഷ |




**(തയ്യാറാക്കിയത്: സ്റ്റെഫി മംഗലത്തുകുന്നേൽ)**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ആദ്യം ലഭിക്കുന്ന 5 ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ഡിസംബർ 10).

**അയയ്ക്കേണ്ട വിലാസം:**
പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018




**Soumya Kanjirakkattu**
Apostolic Oblates

**Twinkle, Twinkle little star**
**Oh! What a wonderful.**
**Listen to it….**

Hear that voice... A tone of maximum love. Friends, all of us had heard about different stars. Glorious star, Super star, Star singer, Film star etc... who achieved the position of star through their efficiency and hard work. Now, we can think about a special marvelous star that appear in the sky before 2000 years ago. This is the hallowed season for us. All of them around the world have been thinking about how to celebrate this Christmas. This is the event that families meet together and renew ties of loves. It is a religious festival which celebrate the birth of Jesus Christ. It is the time for exchanging gifts, cakes and also Santa Claus who will enter the house with lot of gifts.The celebration of God's love showers blessings our day to day life. Let us go through the word of God, the visit of wise men. "In the time of Hero'd king after Jesus was born in Bethlehem of Judea, wise men from the East came to Jerusalem asking where is the child who has born King of the Jews? For we observed his star at its rising (Mt 2:1-2). Yes, this is the way of Jesus Christ to express his love and care. You young stars while you were preparing for Yuletide find out how can you renew yourself as a Christian. Like the king Hero'd our surrounding was also filled with lot of evils. Through the media and several technological facilities, they are waiting for you to catch your mind. Be prudent of you, Look at the way that our saviour shows. Hope for a world with sanctity, love and peace. Take your life as a challenge and twinkle like a star of Jesus. Hearty Christmas greetings.

Youth Corner

# Pope to the Youth



I like being with young people Because you have the promise of hope in your heart. You are bearers of hope. It is true that you live in the present but you are looking towards the future… you are architects of the future. You are artisans of the future. Why? Firstly because inside you, you have three desires: the desire for beauty. You like beauty and when you make music, produce theatre, and paint – beautiful things – you are looking for beauty, you are searching for beauty. Secondly you are prophets of goodness. You like goodness and being good. And this goodness is contagious, it helps everyone else. And now third, you thirst for the truth. Seek the truth! It is an encounter with the truth that is God, that we must search for. These three desires that you have in your heart, you must carry forward to the future and make the future beautiful with goodness and truth. This is a challenge; it is your challenge.

I wanted to tell you this and say to you, have courage, go forward and make noise. Where there are young people so should there be noise. Then things settle down but the dream of a young person is to make noise forever. Go ahead! In life there will always be people who suggest that you slow down, blocking your path. Please go against the current. Be courageous boys and girls: go against the current. (L'osservatore Romano)



# മംഗലവാർത്തക്കാലം

ജെസ്മി പാണ്ടിക്കുന്നേൽ

മംഗലവാർത്തക്കാലത്തോടെയാണ് ആരാധനാവത്സരത്തിനു തുടക്കം കുറിക്കുന്നത്. ഈ കാലത്തെ ആഗമനകാലമെന്നും വിളിക്കാറുണ്ട്. കർത്താവിന്റെ വരവിന് ഒരുങ്ങുന്ന സമയമായതിനാലാണ് ഈ കാലത്തെ ആഗമനകാലം എന്നു വിളിക്കുന്നത്. അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ മിശിഹായുടെ മനുഷ്യത്വത്തേയും ദൈവത്വത്തെയും സംബന്ധിച്ച് പൗരസ്ത്യരുടെ ഇടയിൽ നടന്ന തർക്കത്തോടനുബന്ധിച്ചാണ് മംഗലവാർത്തക്കാലത്തിന് ആരംഭം കുറിച്ചതെന്ന് കരുതപ്പെടുന്നു.

സ്വന്തമായി യോഗ്യതയില്ലാത്ത മനുഷ്യന് പ്രതീക്ഷയുടെയും സമാധാനത്തിന്റെയും രക്ഷയുടെയും ദൗത്യം നൽകിയ ദൈവത്തിന്റെ പ്രത്യേക വാത്സല്യത്തെയും സ്നേഹത്തെയും മംഗലവാർത്തക്കാലത്തിൽ സഭ അനുസ്മരിക്കുന്നു. ദൈവത്തിനു നൽകാവുന്നതിൽ ഏററം വിശിഷ്ട ദാനമായ രക്ഷകനായ മിശിഹായാണ് ആണ്ടുതോറും മംഗലവാർത്തക്കാലത്തെ ചിന്താവിഷയം.

പൗരസ്ത്യസുറിയാനിസഭ കർത്താവിന്റെ പിറവിത്തിരുനാളിനെ കേന്ദ്രീകരിച്ചുള്ള മംഗലവാർത്തക്കാലത്തെ 'സൂബാറാ' എന്നാണ് വിളിക്കുക. 'നല്ല വാർത്ത അറിയിക്കുക' എന്നർത്ഥമുള്ള 'സമ്പർ' എന്ന സുറിയാനി ക്രിയാപദത്തിൽ നിന്നുണ്ടായതാണ് സൂബാറാ എന്ന വാക്ക്. ലോകത്തിനു ലഭിച്ച നല്ല വാർത്തയെ അനുസ്മരിക്കുന്നതിനുള്ള ദിവസങ്ങളെന്ന നിലയ്ക്കാണ് ഈ പേരു പ്രയോഗത്തിൽ വന്നത്.

പരിശുദ്ധ കന്യാമറിയത്തെ അനുസ്മരിക്കുന്നത് മംഗളവാർത്തക്കാലത്തിന്റെ സവിശേഷതയായി നിലകൊള്ളുന്നു. കർത്താവിനെ നമുക്കു നൽകിയവളെന്ന നിലയ്ക്കാണ് മറിയം സംപൂജ്യയായിത്തീർന്നത്. ഇതുപോലെ നാമും രക്ഷകനെ സംവഹിക്കുന്നവരും മറ്റുള്ളവർക്കു നൽകുന്നവരുമായി മാറണം. മനുഷ്യാവതാരത്തിൽ ദൈവത്തിനു മനുഷ്യസഹായം വേണ്ടിവന്നു. ഈ സഹായം ദൈവത്തിനു ലഭിച്ചത് കന്യാമറിയത്തിൽനിന്നാണ്. മിശിഹായുടെ ജനനം, ബാല്യം എന്നിവയെക്കുറിച്ചു ചിന്തിക്കുന്ന മംഗലവാർത്തക്കാലം മറിയത്തെ പ്രത്യേകമായി ആദരിക്കുവാനുള്ള അവസരമാണ്.

പരിശുദ്ധ മറിയത്തിൽനിന്നുള്ള ഈശോയുടെ ജനനത്തിൽ സ്വർഗവാസികളും ഭൂവാസികളും സന്തോഷിച്ചു. മാലാഖവൃന്ദങ്ങൾ കീർത്തനങ്ങൾ ആലപിച്ചു (ലൂക്കാ 2:14). കാരണം ഇനിമുതൽ പൈശാചിക ശക്തിക്ക് ലോകം അടിമയല്ല. മരണത്തിന്റെ ഭീകരവാഴ്ച നിലച്ചു. അതിനാലാണ് സ്വർഗവാസികൾ അതീവ സന്തുഷ്ടരായത്. നാമും ലോകത്തിന്റെ ശക്തിക്ക് അടിമപ്പെടാതെ ദൈവഭരണത്തിന് കീഴ്പെട്ട് ദൈവഹിതം നിറവേറ്റുന്നവരും രക്ഷകനെ ലോകത്തിന് നൽകുന്നവരുമായി മാറണം.



# ഭൂമിയിലെ നക്ഷത്രം

**ലിജോ കരിന്തകരയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

നിശയുടെ നിശബ്ദതയിൽ കോരിത്തരിക്കുന്ന തണുപ്പിൽ പെയ്തിറങ്ങുന്ന മഞ്ഞുപാളികൾക്കിടയിലൂടെ താരസമൂഹത്തിൽനിന്ന് ഒരു നക്ഷത്രം താഴേയ്ക്കു നോക്കിയപ്പോൾ ഇതാ സകല സൃഷ്ടികളുടെയും സ്രഷ്ടാവ്, വാനമേഘങ്ങളിൽ വിരാജിക്കേണ്ടവൻ സ്വയം ശൂന്യവത്കരിച്ച് പുൽക്കൂട്ടിൽ ഭൂജാതനായിരിക്കുന്നു. ഇടിഞ്ഞു വീഴാറായ ഈ പുൽക്കൂടിനു മുമ്പിൽ പ്രപഞ്ചം മുഴുവൻ കൈകൂപ്പി നിൽക്കുന്നു. ആട്ടിടയന്മാർ തുടങ്ങി മഹാജ്ഞാനികൾവരെ ഇവിടെ അണിനിരന്നു. ഇവിടെ ആർക്കും പ്രവേശന ഫീസില്ല. മുൻകൂട്ടിയുള്ള അനുവാദം ചോദിക്കലിന്റെയും ആവശ്യമില്ല. പണ്ഡിത പാമര വ്യത്യാസമെന്യേ ആർക്കും പ്രവേശിക്കാവുന്ന, ആർക്കും സമീപിക്കാവുന്ന പരിശുദ്ധ കൂടാരം. ഉയരങ്ങളിലേക്ക് കണ്ണും നട്ട് എല്ലാം വെട്ടിപിടിക്കാനായി ഓടുന്ന ഇന്നത്തെ ലോകത്തിന്റെ മുമ്പിൽ ഇതാ, താഴേയ്ക്കിറങ്ങിയവൻ,... ചെറുതായവൻ...

ആകാശത്തുനിന്ന് നോക്കിയ ആ നക്ഷത്രത്തെപ്പോലെ പുൽക്കൂട്ടിലേക്കു നോക്കുവാനും അവിടെനിന്ന് ചെറുതാകലിന്റെ വലുപ്പം പഠിക്കുവാനുമുള്ള ആഹ്വാനവുമായാണ് ഓരോ മംഗലവാർത്തക്കാലവും കടന്നുവരിക. മാത്രമല്ല താഴേയ്ക്കു നോക്കിനിന്ന ആ നക്ഷത്രം ഹേറോദേസിന്റെ കൊട്ടാരത്തിൽനിന്ന് ജ്ഞാനികൾക്കു പുൽക്കൂട്ടിലേക്കുള്ള - ഈശോയിലേക്കുള്ള - വഴികാട്ടി ആയി. ഈ ലോക ജീവിതയാത്രയിൽ വഴിയോരങ്ങളിൽ കാണുന്ന കൊട്ടാരങ്ങൾ നമ്മുടെ കണ്ണിനും, കാതിനും ഏറെ ആകർഷകവും ആസ്വാദ്യകരവും ആകാം. അവിടെയൊന്നും വഴിതെറ്റി കയറരുത്. പുൽക്കൂട്ടിലേക്കു നോക്കുവാനും സ്വയം ചെറുതാകുവാനും മറ്റുള്ളവരെ ഈശോയിലേക്കു നയിക്കുന്ന ഭൂമിയിലെ നക്ഷത്രവിളക്കുകൾ ആകുവാനും ഈ മംഗലവാർത്തക്കാലം നമ്മെ ശക്തരാക്കട്ടെ.



# മണ്ണിലുള്ളവരെ വിണ്ണിലേക്കുയർത്താൻ മണ്ണോളം താഴ്ന്നവൻ

**ലീന അറയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു" (ഫിലി 2:5-7).

മനുഷ്യനായി അവതരിച്ച ഈശോയെ തിരിച്ചറിയുവാനും ഈ താഴ്ന്നിറങ്ങൽ ആവശ്യംതന്നെ. സമ്പന്നതയുടെ ഉയരത്തിൽ വ്യാപരിച്ച പ്രമാണികൾക്കും ദൈവശാസ്ത്രപഠന




ത്താൽ തലക്കനം വച്ച വേദപണ്ഡിതർക്കും ദൈവപുത്രനെ തിരിച്ചറിയാൻ കഴിയാതെപോയി. എന്നാൽ വിശ്വാസത്താൽ ദൈവപ്രീതി നേടിയ എലിസബത്തിന് അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ ദൈവപുത്രനെ തിരിച്ചറിയാനായി. ദൈവശാസ്ത്രം എന്തെന്നറിയാത്ത ആട്ടിടയന്മാരാണ് ദിവ്യപൈതലിനെ ആദ്യമായി ദർശിച്ചത്. ദൈവം തന്ന രാജപദവി അവിടുത്തെ അന്വേഷിക്കാനായി വിനിയോഗിച്ച പൗരസ്ത്യരാജാക്കന്മാരെയാണ് ദൈവം നക്ഷത്രത്തെ വഴികാട്ടിയായി നല്കി ദൈവപുത്രന്റെ സന്നിധിയിലേക്കാനയിച്ചത്. ഇന്നും ഈശോയുടെ സമാധാനം നമ്മുടെ ഹൃദയങ്ങളിലെത്താൻ വിശ്വാസവും എളിമയും ലാളിത്യവും കൂടിയേ തീരൂ. അതിനായി:


**ദൈവത്തോട്:** വിശ്വാസത്താൽ പ്രകാശിതമായ ഒരു ബന്ധം സ്ഥാപിക്കാം. വിശ്വാസം ജീവിതമാക്കാം. വിശ്വസിക്കുന്നത് ജീവിക്കാം. വിശ്വാസത്തിന്റെ കണ്ണോടെ ജീവിതത്തെ നോക്കിക്കാണാം. അപ്പോൾ പരി. അമ്മയുടെ ഉദരത്തിന്റെ മറവിലായിരുന്ന ഈശോയെ എലിസബത്തിനു കാണാൻ സാധിച്ചതുപോലെ ജീവിതാനുഭവങ്ങളുടെ മറവിലൂടെ കടന്നു വരുന്ന ഈശോയെ നമുക്കും കാണാം.

**നമ്മോടുതന്നെ:** ദൈവം തരുന്ന സമ്പത്തും കഴിവുകളും പദവികളും കാഴ്ചപ്പാടുകളുമെല്ലാം അവിടുത്തെ നേടുന്നതിനായി വിനിയോഗിക്കാം. അപ്പോൾ പൗരസ്ത്യരാജാക്കന്മാരേപ്പോലെ നമുക്കു വഴികാട്ടിയായി നക്ഷത്രമുണ്ടാകും. അത് നമ്മെ ഈശോയിലെത്തിക്കും.

**മറ്റുള്ളവരോട്:** സഹോദരങ്ങളെ സ്നേഹിക്കാം, ആദരിക്കാം അവർക്കായി ജീവിതം നല്കാം. ലാളിത്യം ജീവിതത്തിന്റെ മുഖമുദ്രയാക്കാം. അപ്പോൾ ആട്ടിടയന്മാരേപ്പോലെ പുൽക്കൂട്ടിലെ ദൈവപുത്രനെ നമുക്കും തിരിച്ചറിയാം.

**സാഹചര്യത്തോട്:** ഉന്നതപദവിയിലോ പഠനത്തിലോ ദൈവശാസ്ത്രത്തിലോ സമ്പദ്സമൃദ്ധിയിലോ ലക്ഷ്യംവയ്ക്കാതെ ദരിദ്രാവസ്ഥയിലേക്ക്, കാലിത്തൊഴുത്തിലേക്ക് ദരിദ്രരുടെ ഇടയിലേക്ക് നോക്കാം. അവിടെ നമ്മെ കാത്തിരിക്കുന്ന ദിവ്യപൈതലിനെ കാണാം. ഈശോയുടെ സമാധാനം നുകരാം.

പ്രതീക്ഷയുടെ
പൂമൊട്ടുകൾ



# മനുഷ്യനീതിയും ദൈവകരുണയും

ഷിനി മുതുപ്ലാക്കൽ

പറഞ്ഞുകേട്ട ഒരു കഥ ഇങ്ങനെ: ഒരു പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പണത്തിന് സമയമായി. പക്ഷേ, സമയത്ത് പള്ളിയിൽ എത്തിച്ചേർന്നത് ഒരു കൃഷിക്കാരൻ മാത്രം. വികാരിയച്ചന് ആകെ നിരാശയായി. "ഇടവകാംഗങ്ങളോടു പറയാൻ എത്ര സമയമെടുത്ത് ഒരു പ്രസംഗം ഒരുങ്ങിയതാ. അത്രയും സമയം നഷ്ടപ്പെട്ടതു മിച്ചം. ഈ ഒരാൾക്കുവേണ്ടി പ്രസംഗമൊക്കെ പറഞ്ഞ് കുർബാനയർപ്പിക്കേണ്ട കാര്യമുണ്ടോ?" അച്ചന്റെ വേദന കലർന്ന സംസാരം കേട്ട കൃഷിക്കാരൻ പറഞ്ഞു: "അച്ചോ, ഞാൻ കുറേയേറെ കോഴികളെ വളർത്തുന്നുണ്ട്. അവയ്ക്ക് തീറ്റികൊടുക്കാൻ വിളിക്കുമ്പോൾ ഒരു കോഴിമാത്രമാണ് വരുന്നതെങ്കിലും ഞാൻ അതിന് തീറ്റികൊടുക്കും. എല്ലാ കോഴികളും ഒന്നിച്ചുവന്നാൽ മാത്രമേ തീറ്റികൊടുക്കൂ എന്നു ഞാൻ വാശിപിടിക്കാറില്ല". കൃഷിക്കാരന്റെ വാക്കുകളുടെ ധ്വനി അച്ചന് പെട്ടെന്നുതന്നെ പിടികിട്ടി.

അച്ചൻ പരി. കുർബാനയർപ്പണം തുടങ്ങി. പ്രസംഗത്തിനു സമയമായി. കൃഷിക്കാരന്റെ വാക്കുകൾ മനസ്സിൽ പതിഞ്ഞിരുന്ന അച്ചൻ തീക്ഷ്ണതയോടെ പ്രസംഗം ആരംഭിച്ചു. ദൈവശാസ്ത്രവും തത്ത്വശാസ്ത്രവുമൊക്കെ അരച്ചുകലക്കി തയ്യാറാക്കിയ പ്രസംഗം അര മണിക്കൂർ നീണ്ടു.

കുർബാന കഴിഞ്ഞ് അച്ചൻ കൃഷിക്കാരനെ സമീപിച്ചു: "എങ്ങനെയുണ്ടായിരുന്നു ചേട്ടാഎന്റെ പ്രസംഗം?" ചേട്ടൻ വീണ്ടും തന്റെ കോഴികളെ കൂട്ടുപിടിച്ചു: "അച്ചാ, തീറ്റികൊടുക്കാൻ വിളിക്കുമ്പോൾ ഒരു കോഴിമാത്രമേ വന്നിട്ടുള്ളുവെങ്കിൽ ഞാൻ അതിനു മാത്രമുള്ള തീറ്റിയേ കൊടുക്കാറുള്ളു. മുഴുവൻ കോഴികൾക്കുമായുള്ള തീറ്റി ഒരെണ്ണത്തിനു മാത്രമായി കൊടുക്കാറില്ല".

കഥാകാരന്റെ വാക്കുകൾ മനുഷ്യയുക്തിക്കും സാമാന്യനീതിക്കും ചേർന്നതുതന്നെ. എന്നാൽ ദൈവത്തിന്റെ സ്നേഹവും കരുണയും നീതിയുമൊക്കെ മനുഷ്യയുക്തിക്കും നീതിയ്ക്കുമെല്ലാം ഉപരിയാണ്. മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവുമാണ്. ഈ ലോകത്തിൽ പാപിയായി ഒരു മനുഷ്യൻ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിൽ അവനെ രക്ഷിക്കാൻ ദൈവം മനുഷ്യനാകുമായിരുന്നോ? ഒരാൾ മാത്രമേ പാപത്തിന്റെ അടിമയായി ലോകത്തിൽ ഉള്ളുവെങ്കിലും തീർച്ചയായും ദൈവം ലോകത്തിൽ അവതരിക്കു

മായിരുന്നു എന്ന് വി. ആഗസ്തീനോസ് വ്യക്തമാക്കുന്നുണ്ട്. ഇതാണ് ദൈവത്തിന്റെ ഓരോ മനുഷ്യനോടുമുള്ള വ്യക്തിപരമായ സ്നേഹം; അവിടുത്തെ നീതി; അവിടുത്തെ കരുണ!

തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചത് ദൈവത്തിന്റെ സ്നേഹത്തിന്റെ ഒരു പ്രവൃത്തിയായിരുന്നു. പാപം ചെയ്ത് തന്നിൽനിന്നും അകന്നുപോയ മനുഷ്യകുലത്തെ രക്ഷിക്കാൻ തന്റെ പുത്രനെത്തന്നെ നല്കിയത് ദൈവത്തിന്റെ അവർണ്ണനീയമായ സ്നേഹമല്ലാതെ മറ്റെന്താണ്! "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16).

സർവ്വശക്തനായ ദൈവത്തിന് മനുഷ്യരക്ഷയ്ക്കായി വിവിധങ്ങളായ മാർഗ്ഗങ്ങൾ ഉപയോഗിക്കാമെന്നിരിക്കെ മനുഷ്യാവതാരംതന്നെ തിരഞ്ഞെടുത്തതും അവിടുത്തെ നിസ്സീമമായ സ്നേഹത്തിന്റെ വെളിപ്പെടുത്തലാണ്. ദൈവമായിരുന്ന പുത്രൻതമ്പുരാൻ ദൈവത്തോടുള്ള തന്റെ സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്നു (ഫിലി 2,6-7). "അവിടുത്തെ ചിന്തയിൽ വരാൻ മാത്രം മർത്യന് എന്തു മേന്മയുണ്ട്? അവിടുത്തെ പരിഗണന ലഭിക്കാൻ മനുഷ്യന് എന്ത് അർഹതയാണുള്ളത്" (8,4) എന്ന സങ്കീർത്തനവാക്യങ്ങൾ മനുഷ്യന്റെ നിസ്സാരതയും മനുഷ്യാവതാരത്തിന്റെ മഹനീയതയും നമ്മെ ഓർമ്മിപ്പിക്കുന്നു.

അർഹതപ്പെട്ടവന് അർഹിക്കുന്നതു കൊടുക്കുക എന്ന മാനുഷികനീതിക്ക് ഉപരിയായ ദൈവസ്നേഹം ഈശോയുടെ മനുഷ്യാവതാരത്തിലൂടെ നാം അനുഭവിച്ചറിഞ്ഞു. ഈശോയിലൂടെ നമുക്ക് അനുഭവവേദ്യമായിത്തീർന്ന ദൈവസ്നേഹവും കരുണയും നമുക്കു ചുറ്റുമുള്ളവർക്ക് കൊടുക്കാനുള്ള ചുമതല നമുക്കുണ്ട്. എന്നും നമ്മുടെ കൂടെയായിരിക്കാൻ 'ഇമ്മാനുവേൽ' ആയിത്തീർന്ന ഈശോയെ അനുഗമിക്കുന്നവർ സഹോദരങ്ങൾക്ക് ഇമ്മാനുവേൽ അനുഭവം പ്രദാനം ചെയ്യുന്നവരാകണം. എന്നും മനുഷ്യനോടൊപ്പമായിരിക്കാനാഗ്രഹിച്ച ദൈവം ഇന്ന് നമ്മിലൂടെ തന്റെ സാന്നിദ്ധ്യവും സ്നേഹവും കരുണയും ലോകത്തിനു കൊടുക്കാനാഗ്രഹിക്കുന്നു. അവിടുത്തെ ഉപകരണങ്ങളായി നമുക്കു മാറാം. വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ജീവിതത്തിലൂടെയും മിശിഹായുടെ സാന്നിദ്ധ്യം മറ്റുള്ളവർക്കു നല്കുന്നവരാകാം. മാനുഷികനീതിയുടെ തൂക്കുകട്ടകൾ മാറ്റിവച്ച് ദൈവകരുണയുടെ വാഹകരായിത്തീരാം.

*നമുക്കു വിശുദ്ധിയുടെ മാതൃകയായിരിക്കാൻ വേണ്ടിയാണു വചനം മാംസം ധരിച്ചത്: "എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ" (മത്താ 11:29). "വഴിയും സത്യവും ജീവനും ഞാനാണ്; എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല (യോഹ 14:6). രൂപാന്തരീകരണം സംഭവിച്ച മലയിൽവച്ചു പിതാവ് ആഹ്വാനം ചെയ്യുന്നു: "ഇവനെ ശ്രവിക്കുവിൻ" (മർക്കോ 9:7). അഷ്ടഭാഗ്യങ്ങളിലെ ആദർശപുരുഷനും പുതിയനിയമത്തിന്റെ മാനദണ്ഡവും അവിടുന്നുതന്നെയാണ്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" (യോഹ 15:12). അവിടുത്തെ മാതൃക പിൻതുടർന്നു തന്നെത്തന്നെ ഫലപ്രദമായി അർപ്പിക്കുന്നതാണ് ഈ സ്നേഹം. (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 459)*



# ക്രിസ്മസ് ഓഫർ

**മിനി വന്യംപറമ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

നാളെ ഡിസംബർ 25!

നിഴലുകൾക്ക് നീളം വച്ചു തുടങ്ങി... സാധനങ്ങൾ ഏറെ വാങ്ങാനുണ്ട്... മനു തന്റെ നടപ്പിന് അല്പം കൂടി വേഗതകൂട്ടി. പതിവു തെറ്റിക്കാതെ ഇത്തവണയും സെന്റ് തോമസിലെ അനാഥ കുഞ്ഞുങ്ങൾക്ക് ക്രിസ്മസ് സമ്മാനങ്ങൾ കൊടുക്കണം. സാമ്പത്തിക പരാധീനതയുണ്ടെങ്കിലും തമ്പുരാൻ എല്ലാം ഇന്നുവരെ നന്നായി ക്രമീകരിച്ചു. ഇനിയും അങ്ങനെ തന്നെ. കടകമ്പോളങ്ങളിൽ ക്രിസ്തുമസ് സമ്മാനങ്ങൾ വാങ്ങനെത്തുന്നവരുടെ നല്ല തിരക്ക്! ആരെയും ആകർഷിക്കുന്ന ഓഫറുകൾ! ആയിരം രൂപയുടെ ഒരു സാധനം വാങ്ങിയാൽ മറ്റൊരു ആയിരം രൂപയുടെ സാധനം ഫ്രീ...

പെട്ടെന്ന് എന്റെ മനോമുകരത്തിലേക്ക് തെളിഞ്ഞുവന്നത് പ്രഭാ, 4/10 തിരുവചനമായിരുന്നു. "അനാഥർക്കു പിതാവും അവരുടെ അമ്മയ്ക്കു ഭർതൃതുല്യനും ആയിരിക്കുക. അപ്പോൾ അത്യുന്നതൻ നിന്നെ പുത്രൻ എന്നു വിളിക്കുകയും അമ്മയുടേതിനേക്കാൾ വലിയ സ്നേഹം അവിടുന്നു നിന്നോടു കാണിക്കുകയും ചെയ്യും." ആരുമില്ലാത്ത അനാഥനായ തനിക്ക് ഈ തിരുവചനം

നല്കിയ ഓഫർ എത്ര വലുത്... അമ്മയുടേതിനേക്കാൾ വലിയ സ്നേഹമായി തന്റെ, അല്ല അനാഥമന്ദിരത്തിലെ എല്ലാ മക്കളുടെയും ജീവിതത്തിലേക്ക് കടന്നുവന്ന വർഗീസ് മാഷ്! പിന്നെ തന്റെ ജീവിതസഖി, മക്കൾ ഇവരിലൂടെയെല്ലാം ദൈവം നല്കുന്ന സന്തോഷവും സമാധാനവുമെല്ലാം ദൈവം നല്കിയ ഓഫറുകളല്ലേ!

ദൈവം നമുക്കു നല്കിയ മഹനീയ ഓഫറാണ് ഈശോ. ലോകം മുഴുവനുവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ് ദൈവപുത്രനായ ഈശോയുടെ മനുഷ്യാവതാരം. നല്കലിന്റെ ഓർമ്മയും ദാനമായതിന്റെ പാഠവും ഇത് നമ്മെ അനുസ്മരിപ്പിക്കുന്നു. മന്നിലവതീർണ്ണനായ മനുഷ്യപുത്രനായി മാലാഖവൃന്ദം പാടി: "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം." ഈ സമാധാനം ആരാണ് ഇന്നനുഭവിക്കുന്നത്? സമ്പത്തിനോ, സൗന്ദര്യത്തിനോ, സൗഭാഗ്യത്തിനോ, സ്ഥാനമാനങ്ങൾക്കോ പ്രദാനം ചെയ്യാനാവില്ല. പിന്നെയോ മാലാഖാവൃന്ദം പാടിയതുപോലെ സന്മനസ്സുള്ള ഹൃദയങ്ങൾക്കാണ്.

ഒരിക്കൽ ഒരു നിയമജ്ഞൻ ഈശോയോടു ചോദിച്ചു: ആരാണ് എന്റെ അയൽക്കാരൻ? നല്ല സമരിയാക്കാരന്റെ കഥയിലൂടെ (ലൂക്കാ 10:25-37) ഈശോ മനോഹരമായി വിശദീകരിച്ചുകൊടുത്ത് ആ നിയമജ്ഞനെക്കൊണ്ട് ഉത്തരം പറയിക്കുന്നു. ആരാണ് മുറിവേറ്റവന് നല്ല അയൽക്കാരനായത്? അവനോടു കരുണ കാണിച്ചവൻ. നീയും പോയി അതുപോലെ ചെയ്യുവിൻ.

ഇന്ന് ലോകത്തിൽ എവിടേക്കു തിരിഞ്ഞാലും സമൂഹങ്ങളിൽ, ജോലിസ്ഥലങ്ങളിൽ ക്ലാസ്മുറികളിൽ എന്തിനേറെ അണുകുടുംബങ്ങളിലും മുറിവേറ്റു പിടയുന്ന എത്രയെത്ര ജീവിതങ്ങൾ! അനുദിനപത്രങ്ങളിലും ടി.വി. വാർത്തകളിലും നമ്മെ നടുക്കുന്ന അരാജകത്വത്തിന്റെ ഭീകരതാണ്ഡവങ്ങളുടെ കരിനിഴൽ നമ്മുടെ മനസാക്ഷിയെ മരവിപ്പിക്കുന്നില്ലേ? സ്വത്തിന്റെയും വസ്തുതർക്കങ്ങളുടെയും കാമത്തിന്റെയും ജഢികതയുടെയും പേരിൽ നടക്കുന്ന ഹീനമായ മനുഷ്യക്കുരുതികൾ സ്വാർത്ഥതയാകുന്ന പൈശാചികതയല്ലേ?... അസമാധാനത്തിന്റെ അസന്തുഷ്ടിയും ബന്ധങ്ങളുടെ വിള്ളലുകളും സംശയങ്ങളും തെറ്റിദ്ധാരണകളും മൂലം നെഞ്ചകം നീറുന്ന നെരിപ്പോടുകളായി നെട്ടോട്ടമോടുകയാണ് മനുഷ്യൻ. എവിടെയാണ് ഇന്ന് പിഴവ് സംഭവിച്ചത്?


ആയിരം ഉപദേശങ്ങളേക്കാൾ മാതൃകാപരമായ പെരുമാറ്റം ഇന്നത്തെ തലമുറയെ ഏറെ സ്വാധീനിക്കും. ആരോഗ്യകരമായ നല്ല പെരുമാറ്റം മക്കൾക്കു നല്കാൻ കഴിഞ്ഞില്ലെങ്കിൽ മക്കളുടെ വ്യക്തിത്വം വികലമാക്കപ്പെടും. മക്കൾ മോശമായാൽ ആദ്യം കൈചൂണ്ടപ്പെടുക മാതാപിതാക്കളേ നിങ്ങളുടെമേൽ തന്നെയാണ്. കുഞ്ഞുനാൾ മുതൽ നല്ല ശീലങ്ങൾ കാണിച്ചുകൊടുക്കാനും പരിശീലിപ്പിക്കാനും നിങ്ങളേക്കാൾ കൂടുതൽ ആർക്കാണ് സാധിക്കുക? ഒന്നേയുള്ളൂവെങ്കിലും ഉലക്കകൊണ്ട് തല്ലണം എന്ന ചൊല്ലില്ലേ. മക്കൾക്ക് ശിക്ഷയല്ല ശിക്ഷണമാണ് നല്കേണ്ടത്. ഒന്നല്ലേയുള്ളൂ എന്നു കരുതി ചോദിക്കുന്നതെല്ലാം വാങ്ങിക്കൊടുത്താൽ അവൻ സാർത്ഥനും മടിയനും ഒപ്പം മാതാപിതാക്കളെ മുടിപ്പിക്കുന്നവനുമാകും. മക്കൾ ആവശ്യപ്പെടുന്ന കാര്യങ്ങളല്ല മക്കൾക്ക് ആവശ്യമുള്ളവയാണ് വാങ്ങിക്കൊടുക്കേണ്ടത്. ഒരു കുട്ടിയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യകമായ വൈകാരികവും മാനസികവും ശാരീരികവും ആത്മീയവുമായ കാര്യങ്ങൾ യഥാസമയം നിറവേറ്റപ്പെടുമ്പോൾ അവൻ ജീവിതാനുഭവങ്ങളോട് ക്രിയാത്മകമായി നന്നായി പെരുമാറും.

മാതാപിതാക്കളും മക്കളും ഇന്ന് കുടുംബത്തിൽ ചിരിക്കാൻ മറന്നുപോകുന്നു എന്നതാണ് ഇന്നത്തെ പരാജയമെന്ന് ഒരിക്കൽ മദർ തെരേസ പറയുകണ്ടായി. പ്രാർത്ഥനയിൽ അടിസ്ഥാനമിട്ട കുടംബം, ഒരിക്കലും പരാജയപ്പെടില്ല. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിലനില്ക്കും. കുടംബജീവിതം ആനന്ദദായകമാക്കാൻ - എല്ലാ ദിവസവും കുടുംബാംഗങ്ങൾ ഒന്നിച്ചു പ്രാർത്ഥിക്കുക. എല്ലാദിവസവും ഒരുനേരമെങ്കിലും കുടുംബാംഗങ്ങൾ ഒന്നിച്ചു ഭക്ഷണം കഴിക്കുക. പരസ്പരം ഉള്ളു തുറന്നു പങ്കുവയ്ക്കാൻ, ആശയങ്ങൾ കൈമാറാൻ, മനസ്സിലാക്കാൻ, ശ്രവിക്കാൻ, സ്നേഹിക്കാൻ ഈ വേദി ഉപയോഗപ്രദമാക്കുക. കുടുംബത്തിന്റെ സാമ്പത്തിക പശ്ചാത്തലം മക്കളുടെ വളർച്ചയ്ക്കനുസൃതം അവരെ ബോധ്യപ്പെ




ടുത്തുക. പരസ്പരം തെറ്റുകൾ ചൂണ്ടിക്കാണിക്കാനും തിരുത്തുവാനും തിരുത്തപ്പെടാനും തിരുത്തലുകൾ നല്കാനും തിരുത്തലുകൾ സ്വീകരിക്കാനും കുടംബാന്തരീഷത്തിനു കഴിയണം. തെറ്റുകളുടെ ഭവിഷത്തുക്കളെ, വരുംവരായ്കകളെ പറഞ്ഞു മക്കളെ ബോധ്യപ്പെടുത്താനാവണം. മക്കളുടെ കഴിവിൽ കൂടുതൽ മാതാപിതാക്കളും മാതാപിതാക്കളുടെ കഴിവിൽ കൂടുതൽ മക്കളും പ്രതീക്ഷിക്കരുത്. വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തം നഷ്ടമാക്കാതെ കാത്തുസൂക്ഷിക്കുക.

മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടംപോലെ സന്മനസ്സുള്ള സമാധാനദൂതർ ഇന്ന് ലോകത്തിൽ ധാരാളമുണ്ടെന്ന വസ്തുത ഏറെ ആശ്വാസകരമാണ്. സാമൂഹ്യസാംസ്കാരിക തലങ്ങളിൽ മുറിവേറ്റ ഒരുവന് എന്തുകൊണ്ട് നമുക്ക് നല്ല ഒരയൽക്കാരനായിക്കൂടാ? താൻ ഇടപെടുന്ന ഇടങ്ങളിൽ സന്മനസ്സുള്ള സ്നേഹത്തിന്റെ സമാധാനവാഹകരായി പ്രകാശം പ്രതിഫലിപ്പിക്കുന്നവരാകാം. സ്വയം മുറിഞ്ഞുപകർന്ന് ജീവന്റെ സമൃദ്ധി നല്കിയ ഈശോയെപ്പോലെ മാതാപിതാക്കളും മക്കളും കുടുംബത്തിൽ പരസ്പരം മുറിയാനും മുറിയപ്പെടാനും കഴിയുന്നവരാകണം. ഇപ്രകാരം വളരുന്ന വ്യക്തികൾ സമൂഹത്തിൽ ആരെയും മുറിപ്പെടുത്താത്തവരും മുറിവേറ്റവർക്ക് നല്ല അയൽക്കാരനുമാകും. അങ്ങനെ നല്ലൊരു സമറിയാക്കാരനും ദാനശീലനും മനുഷ്യനോടു കാരുണ്യം കാട്ടുന്ന ഉദാരശീലനും സമൂഹത്തിൻ നന്മചെയ്യുന്നവനും എല്ലാറ്റിലുമുപരി സ്നേഹത്തിന്റെ വക്താവുമായി ഓരോ വ്യക്തിയും കുടുംബത്തിൽ രൂപം കൊള്ളട്ടെ. സന്മനസ്സുള്ളവർക്ക് ദൈവം നല്കുന്ന സമാധാനമാകുന്ന ഓഫർ ഈ ക്രിസ്തുമസ് ദിനത്തിൽ ഉണ്ണീശോയിൽ നിന്ന് സ്വന്തമാക്കാൻ നിങ്ങൾക്കോരോരുത്തർക്കും സാധിക്കട്ടെ! അങ്ങനെ സമാധാന സ്ഥാപകരായി ദൈവത്തിന്റെ പുത്രരായി ഓരോ വ്യക്തിയും രൂപാന്തരപ്പെടട്ടെ!

## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter**
**Apostolic Oblates**
**Spirituality Centre**
**Manganam P.O.,**
**Kottayam - 686 018**
**Ph: 0481-2578192**

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

നമ്മുടെ ആരാധനക്രമവത്സരം ആരംഭിക്കുന്നത് മംഗളവാർത്തക്കാലംകൊണ്ടാണല്ലോ. ഡിസംബർ മാസം 1-ാം തീയതി, മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച, നാം പുതിയ ആരാധനാവത്സരം ആരംഭിക്കുന്നു. ആരാധനാവത്സരവും ആരാധനക്രമവത്സരാചരണവും ക്രീസ്തീയ ആദ്ധ്യാത്മികതയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഈശോമിശിഹായിലൂടെ ദൈവം പൂർത്തിയാക്കികൊണ്ടിരിക്കുന്ന രക്ഷാകരപ്രവർത്തനത്തോട് സഹകരിച്ച് വിശുദ്ധിയിൽ വളരുവാൻ ആരാധനക്രമവത്സരാചരണം നമ്മെ സഹായിക്കുന്നു. ദൈവം മാത്രമാണ് പരിശുദ്ധൻ. മനുഷ്യരാരും അവരിൽത്തന്നെ പരിശുദ്ധരല്ല. ദൈവമാണ് നമ്മെ വിശുദ്ധീകരിക്കുന്നവൻ. തന്റെ പുത്രനായ മിശിഹായിലൂടെ ദൈവം നമ്മെ വിശുദ്ധീകരിക്കുന്ന ഏറ്റം ശ്രേഷ്ഠമായ വേദി ലിറ്റർജിയാണ്. ആരാധനക്രമ വത്സരത്തിന്റെ ക്രമീകരണത്തിനനുസൃതമായി മിശിഹായിൽ ജീവിക്കുന്നതുവഴി നാം വിശുദ്ധിയിൽ വളരും.

മിശിഹായുടെ മനുഷ്യാവതാരവും ജനനവും അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന മംഗളവാർത്തക്കാലം ദൈവവചനത്തിന് മാംസം ധരിക്കുവാൻ നമ്മുടെ ജീവിതത്തിൽ നമുക്ക് ഇടം കൊടുക്കാം. "ഇതാ കർത്താവിന്റെ ദാസി' നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്കാ 1:38) എന്നു പറഞ്ഞ പരി. കന്യകാമറിയത്തിന്റെ മനോഭാവം ഉൾക്കൊണ്ട് വചനാധിഷ്ഠിത ജീവിതം നയിക്കുവാനും അപ്രകാരം വചനത്താൽ വിശുദ്ധീകരിക്കപ്പെട്ട് വിശുദ്ധിയിൽ വളരുവാനും മംഗളവാർത്തക്കാലം നമുക്കെല്ലാവർക്കും അവസരമൊരുക്കട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2013 ഒക്ടോബർ മാസത്തിലെ സെനക്കിൾ സമ്മേളനം 22-23 തീയതികളിൽ മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽവച്ച് നടന്നു. ആസ്പിരൻസും സൊദാലസും ഒന്നുചേർന്നു നടത്തിയ സമ്മേളനത്തിൽ വിശുദ്ധ മത്തായിയുടെ സുവിശേഷം 22-ാം അദ്ധ്യായമാണ് ധ്യാനത്തിനു വിഷയമാക്കിയത്. വിവാഹവിരുന്നിന്റെ ഉപമ കൊണ്ട് ആരംഭിക്കുന്ന ഈ അദ്ധ്യായത്തിൽ പുരോഹിതൻ സ്വർഗ്ഗീയ സ്നേഹം പ്രാവർത്തികമാക്കണമെന്നും സെനക്കിൾ വൈദികർ പങ്കുവച്ചു.

അടുത്ത സെനക്കിൾ സമ്മേളനം 2013 നവംബർ 19-20 തീയതികളിൽ മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ നടത്താമെന്ന് തീരുമാനമെടുത്തു. പാലായിൽനിന്നു വരുന്ന വൈദികരുടെ സൗകര്യാർത്ഥം ആസ്പിരിൻസിന്റെ സമ്മേളനം നവംബർ 28-29 തീയതികളിലേക്ക് മാറ്റി.

സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ള വൈദികർ, സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഓ, കോട്ടയം 686018 എന്ന വിലാസത്തിൽ ബന്ധപ്പെടുക.




വിചാരണ



# മംഗളവാർത്തകളുണ്ടാകാൻ...



ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

"വല്യമ്മച്ചീടെ കല്യാണം എത്രാം വയസ്സിലായിരുന്നു?"

ലേഖനത്തിനൊരാമുഖമുണ്ടാക്കാൻ രാവിലെ പള്ളിയിൽ കണ്ട ഒരമ്മച്ചിയോടു ചോദിച്ചതാണ്.

എഴുപത്താറാം പിറന്നാളാഘോഷിച്ചെങ്കിലും അപ്രതീക്ഷിതമായ ചോദ്യം കേട്ട് പതിനേഴിന്റെ നാണത്തിലെത്തിയ അമ്മച്ചി മറുപടി പറഞ്ഞു, "പതിനാലാം വയസ്സിൽ."

"കല്യാണമൊക്കെ ഓർക്കുന്നുണ്ടോ?"

"എന്റെയച്ചാ, അതൊക്കെയൊരു പുകിലായിരുന്നു. ഒരു ദിവസം സന്ധ്യയ്ക്ക് അപ്പൻ പറഞ്ഞു, ക്രിസ്മസിന്റെ പിറ്റേ തിങ്കളാഴ്ച്ച നിന്റെ കല്യാണമാണെന്ന്. ആരാ ചെറുക്കനെന്നും മറ്റും ചോദിക്കാനുള്ള ധൈര്യമുണ്ടായിരുന്നില്ല. കുറേ കഴിഞ്ഞ് അമ്മയാണ് ചെറുക്കനാരാണെന്നൊക്കെ പറഞ്ഞത്."

"അപ്പോ, പെണ്ണുകാണലോ?"

"പെണ്ണുകാണൽ കെട്ടാൻ പള്ളീൽ വന്നപ്പോൾ. അന്നൊക്കെ അപ്പന്മാർ തമ്മിലല്ലെ ഒറപ്പീര്."

"എങ്ങനെയുണ്ടായിരുന്നു കുടുംബജീവിതം?"

തുടരെയുള്ള ചോദ്യങ്ങൾ കേട്ടപ്പോൾ അച്ചനിതെന്നാ ഭാവിച്ചാണെന്നു തിരിച്ചു ചോദിച്ചെങ്കിലും ഉത്തരവും പിറകേ വന്നു. "കല്യാണം കഴിഞ്ഞ് എത്രനാളു കഴിഞ്ഞാ കെട്ടിയോന്റെ മുഖത്തു നോക്കിയതെന്നച്ചനറിയാമോ. എന്റെ അപ്പനെപ്പോലെതന്നെ പുള്ളിക്കാരനും വെല്യ ഗൗരവക്കാരനായിരുന്നു. മുമ്പിൽ ചെല്ലാനും മിണ്ടാനുമൊക്കെ പേടിയായിരുന്നു. അന്നൊന്നും ഇന്നത്തെപ്പോലെ അറിവും വിവരോമൊന്നുമില്ലല്ലോ. എന്നാലും എന്റെ അമ്മച്ചി ജീവിക്കുന്നതുപോലെ ജീവിക്കാൻ ഞാനങ്ങു തീരുമാനിച്ചു. ഏഴു മക്കളെ ദൈവം തരികേം ചെയ്തു."

"മുമ്പിൽ ചെല്ലാനും മിണ്ടാനുമൊക്കെ പേടിയായിരുന്നെങ്കിലും മക്കളേഴുണ്ടായല്ലേ?"

എന്റെ ചോദ്യത്തിലെ കുസൃതി മനസ്സിലാക്കി ഒരു കള്ളച്ചിരിയോടെ അമ്മച്ചി പറഞ്ഞു: "അതൊക്കെ അങ്ങനെയങ്ങു നടന്നു."

ഞാനീ 'ഇന്റർവ്യൂ' നടത്തിയത് പണ്ടത്തെ അപ്പന്മാരുടെ അതിരുവിട്ട അധികാരപ്രയോഗത്തെ പുകഴ്ത്താനല്ല, മറിച്ച് അന്നത്തെ അമ്മമാരുടെയും ഭാര്യമാരുടെയും മനസ്സിന്റെ നന്മയ്ക്കു മുമ്പിൽ ആദരവോടെ ശിരസ്സു നമിക്കാനാണ്. അപ്പന്മാരുടെയും ഭർത്താക്കന്മാരുടെയും അധികാരത്തിന്റെ കൂച്ചുവിലങ്ങുകൾക്കുള്ളിൽ അടിമയായിക്കിടക്കുന്നതല്ല മനസ്സിന്റെ നന്മയെന്നൊക്കെ പറഞ്ഞ് സ്ത്രീവിമോചന സമരക്കാർ എന്നെ കല്ലെറിയരുത്. കാരണം എന്റെ വിഷയം അതല്ല.

കുടുംബജീവിതത്തിലെ പൊരുത്തക്കേടുകളും വിവാഹമോചനംവരെയെത്തുന്ന അതിനുള്ളിലെ പൊട്ടിത്തെറികളും ആശങ്കാജനകമായ ഒരു സമകാലിക യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യത്തിന്റെ ഉള്ളറകളിലേക്കു കടന്നുചെന്നാൽ നമ്മുടെ കാഴ്ചകൾ ഉടക്കിനില്ക്കുന്ന ചില സാഹചര്യങ്ങൾ അവിടെയുണ്ട്.




പല മാതാപിതാക്കളും മക്കളെ പഠിപ്പിക്കുന്നതും എന്തെങ്കിലുമൊക്കെ ജോലി അവർക്കായി അന്വേഷിക്കുന്നതും അവർക്കു സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തിയുണ്ടാകുന്നതിനു വേണ്ടിയാണ്. ഇങ്ങനെ സ്വന്തം കാലിൽ നില്ക്കാനുള്ള ശേഷിയാണ് വിവാഹത്തിന്റെ ഒരു അടിസ്ഥാന യോഗ്യതയായി പലരും പരിഗണിക്കുന്നത്. യഥാർത്ഥത്തിൽ ഭാര്യാഭർത്താക്കന്മാർ സ്വന്തം കാലുകളിൽ നില്ക്കാൻ ശ്രമിക്കുന്നതാണ് ഇന്നത്തെ ഒരു അടിസ്ഥാന പ്രതിസന്ധി. ജോലിയുള്ള ഭാര്യാഭർത്താക്കന്മാരെ വിമർശിക്കാനോ, അതു ശരിയല്ലെന്ന വിഡ്ഢിത്തം വിളമ്പാനോ അല്ല ഇതു കുറിക്കുന്നത്. മറിച്ച് ജോലിയും ശമ്പളവും എത്രയുണ്ടെങ്കിലും പരസ്പരം ആശ്രയിച്ചു കഴിയാനുള്ള മനസ്സില്ലെങ്കിൽ ജീവിതം പരാജയമാകുമെന്ന സത്യം സൂചിപ്പിക്കാനാണ്. ജോലിയുള്ള ചില ഭാര്യമാരുടെ ജോലിയില്ലാത്ത ഭർത്താക്കന്മാരെ 'പിള്ളേരെനോക്കി ഭർത്താക്കന്മാർ' എന്നു ചിലർ വിമർശിക്കാറുണ്ട്. എന്നാൽ കുടുംബജീവിതത്തിലെ മക്കളെ വളർത്തുകയെന്ന ശ്രേഷ്ഠമായ ഒരു ഭാഗം ഏറ്റെടുക്കുന്നവർക്ക് ആ വിമർശനം ഒട്ടും ചേരുന്നില്ല എന്നു നമ്മളറിയണം. ഭാര്യമാർ അവരെ വെറും നോക്കുകുത്തികളായി കാണാതിരിക്കണമെന്നു മാത്രം. അതുപോലെ തന്നെ തിരിച്ചും.

ഭാര്യാഭർതൃബന്ധത്തിന്റെ ഭാഷകൾ 'വാടാ പോടാ' സംസ്കാരത്തിലേക്കെത്തിയിരിക്കുന്ന ഈ കാലഘട്ടത്തിൽ പരസ്പരം ബഹുമാനിക്കാനും ആദരിക്കാനും മറക്കുന്നവർ കുടുംബത്തിന്റെ അടിത്തറ മാന്തുകയാണ്. ഭർത്താവിന്റെ ആണത്വത്തെ ആദരിക്കാത്ത ഭാര്യയും ഭാര്യയുടെ സ്ത്രീത്വത്തെ ബഹുമാനിക്കാത്ത ഭർത്താവും ഒരിക്കലും കുടുംബമായി രൂപപ്പെടുകയില്ല. വിവാഹത്തിന്റെ ആദ്യനാളുകളിലെ ആഘോഷമൊക്കെ കഴിയുമ്പോൾ രണ്ടും രണ്ടു വഴിക്കാകും.

ഇന്നു വിവാഹ ആലോചനകൾ നടക്കുമ്പോൾ പലപ്പോഴും പ്രാധാന്യം കൊടുക്കുന്നത് വിദ്യാഭ്യാസം കൊണ്ടും ജോലികൊണ്ടുമൊക്കെ തങ്ങൾക്കു ചേരുന്ന ജീവിതപങ്കാളിയെ കണ്ടെത്താനാണ്. ജീവിതത്തിന്റെ സുഗമമായ ഗമനത്തിന് അതു സഹായമാകുമെങ്കിലും ചില അടിസ്ഥാന സത്യങ്ങൾ മറന്നുകൊണ്ട്, 'ചേരുന്ന ഇണയേത്തേടൽ' മാത്രമായി അതു മാറുമ്പോളതു പ്രതിസന്ധിയാകും. ഭാര്യാഭർതൃബന്ധത്തെ ഒരു ബിസിനസ് പങ്കാളിയുമായുള്ള ബന്ധത്തിന്റെ അവസ്ഥയിലേയ്ക്കു താഴ്ത്തുന്നത് ഏതായാലും ഉചിതമല്ല. വിവാഹമെന്നത് കുടുംബമാകാനുള്ള ദൗത്യമാണെന്ന് മറന്നുകൊണ്ടുള്ള ഏതു വഴിയും അപകടത്തിലേക്കാണെന്നു നാം തിരിച്ചറിയണം.

മാതാപിതാക്കളുടെ നല്ല മാതൃകയും പിന്തുണയും നവദമ്പതികൾക്കു വലിയ പ്രചോദനമാകേണ്ടതാണ്. മുകളിൽ സൂചിപ്പിച്ച വല്യമ്മച്ചിയെപ്പോലെ 'എന്റെ അമ്മച്ചി ജീവിച്ചതുപോലെ ജീവിക്കാൻ തീരുമാനിച്ചു' എന്ന് മാതാപിതാക്കളെ നോക്കി പറയാൻ മക്കൾക്കു സാധിക്കുന്നതാണ് മാതാപിതാക്കളുടെ ജീവിത സാഫല്യം. പക്ഷെ ഇന്ന് ആ മേഖലയിലും ഒത്തിരിയേറെ കുറവുകൾ ഉണ്ടെന്നുള്ളതു യാഥാർത്ഥ്യം മാത്രം. വിവാഹിതരായ മക്കൾ കുടുംബമായി രൂപപ്പെടാൻ കൂടിക്കൊടുക്കേണ്ടതിനു പകരം ചില സ്വാർത്ഥതകളുടെ പേരിൽ അവരെ തമ്മിൽതല്ലിക്കുന്ന കൂട്ടിക്കൊടുപ്പുകാരായി മാതാപിതാക്കൾ മാറരുത്.

വൈവാഹിക സ്നേഹത്തിന്റെ ഏറ്റവും ഉദാത്തമായ പ്രകടനമായ സ്വയം ദാനമെന്ന പ്രക്രിയ പല ചെറുപ്പക്കാർക്കും കൂടെ പഠിക്കുന്നവരും കൂടെ കൂടുന്നവരുമായിചേർന്നു നടത്തുന്ന കുറേ കാമക്കേളികൾ മാത്രമായി മാറിയിരിക്കുന്നു. പണ്ടൊക്കെ നവദമ്പതികൾ പരസ്പരം നല്കാൻ കാത്തുസൂക്ഷിച്ചിരുന്ന അമൂല്യമായ സമ്മാനമൊക്കെ ഇന്ന് ചിലരെ സംബന്ധിച്ചെങ്കിലും ആരെങ്കിലുമൊക്കെ ചൂടിയ പൂവായി മാറുന്നുണ്ടെന്നുള്ളതു ഉറക്കെ പറയാൻ പാടില്ലാത്ത സത്യമാണ്.

"മക്കൾ ഉണ്ടായാൽ അവർ സ്മാർട്ടായിരിക്കണം. ഉണ്ടാകുന്ന മക്കൾ സ്മാർട്ടായിരിക്കുമെന്ന് ഉറപ്പില്ലാത്തതുകൊണ്ട് ഞങ്ങൾ മക്കൾ വേണ്ടെന്നു തീരുമാനിച്ചു." കേരളത്തിലെ പ്രശസ്തനായ ഒരു ഗായകന്റെ വാക്കുകളാണിത്. ഈയൊരു തീരുമാനം അയാളുടെ കാർന്നോന്മാരെടുത്തിരുന്നെങ്കിൽ ഇത്രയും വൃത്തികെട്ടൊരു വാചകം നാം കേൾക്കേണ്ടി വരില്ലായിരുന്നു. മക്കൾ ഭാരമല്ല, ദൗത്യമാണെന്നുള്ള തിരിച്ചറിവില്ലാത്തവർ നാടിന്റെ ശാപമാണ്. മക്കളെ ജനിപ്പിക്കുകയും വളർത്തുകയും ചെയ്യുകയെന്ന ദൈവികമായ ദൗത്യനിർവഹണത്തിൽ വീഴ്ച വരുത്തുന്നവർ വിവാഹജീവിതത്തിനു കൊടുക്കുന്ന നിർവചനം അപകടകരമാണ്. ഓരോ കുഞ്ഞിന്റെയും ജനനം കുടുംബത്തിനും നാടിനും മംഗളവാർത്തയായിത്തീരണം. ഈ മംഗളവാർത്തക്കാലത്തു ധ്യാനിക്കുവാൻ ഇതുതന്നെയാകട്ടെ വിഷയം.



# അമ്മയ്ക്കൊപ്പം വിശ്വാസവഴിയേ

**ബെറ്റി കച്ചിറ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പരിശുദ്ധ മാതാവേ.. നീ എപ്പോഴും പുത്രനായ ഈശോയുടെ അടുത്തേക്ക് ഞങ്ങളെ നയിക്കുന്നവളാണല്ലോ. നീ എപ്പോഴും പിതാവിന്റെ സ്വരത്തെ കേട്ടിരുന്നവളും അനുസരിച്ചവളും നല്ല തീരുമാനം എടുത്തവളുമാണല്ലോ. അമ്മേ, ഈ മംഗലവാർത്ത ക്കാലത്തിൽ ഞങ്ങളും ദൈവവചനത്തിലൂടെ ദൈവഹിതത്തിനു കാതു കൊടുക്കുവാനും ദൈവിഹിതമനുസരിച്ചു ജീവിക്കുവാനും, വിശ്വാസയാത്രയിൽ തീരുമാനമെടുക്കുമ്പോൾ ചഞ്ചലരാകാതിരിക്കാനും ഞങ്ങളെ സഹായിക്കണമേ.

**ഒന്നാം ദിവ്യരഹസ്യം – മറിയത്തിന്റെ വിശ്വാസത്തെ നമുക്കു ധ്യാനിക്കാം**

"സർവ്വശക്തന് അസാധ്യമായി ഒന്നുമില്ലല്ലോ. ദൈവദൂതന്റെ വാക്കുകളിൽ മറിയം അർപ്പിച്ച വിശ്വാസമാണ് നാം കാണുന്നത്. മാതാവേ, അങ്ങേ മക്കളായ ഞങ്ങളും വിശ്വാസത്തോടെ ദൈവതിരുഹിതങ്ങൾക്ക് കാതു തുറക്കുവാൻ, ജീവിതയാത്രയിൽ ഞങ്ങൾ കണ്ടുമുട്ടുന്നവരിൽ നിന്റെ സ്വരം കേൾക്കുവാൻ ഞങ്ങൾക്കായി നീ പ്രാർത്ഥിക്കണമേ... 1

വിശ്വാസത്തിന്റെ അമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ

**രണ്ടാം ദിവ്യരഹസ്യം – തീരുമാനമെടുക്കുന്ന മറിയത്തെ നമുക്കു ധ്യാനിക്കാം**

കാനായിലെ കല്യാണത്തിനും ഇളയമ്മയുടെ അടുത്തു പോകാനും...ഒക്കെ തീരുമാനിക്കുന്ന മറിയം. ഓരോ സംഭവത്തോടും പ്രശ്നത്തോടും ജാഗ്രത പുലർത്തുന്ന മറിയം. മാതാവേ, ഞങ്ങളുടെ അനുദിനയാത്രയിൽ തീരുമാനങ്ങൾ എടുക്കുവാൻ മറ്റുള്ളവരെ ആശ്രയിക്കാതെ... നല്ല തീരുമാനങ്ങൾ, നിന്നോടുകൂടി ഏറ്റെടുക്കാൻ വേണ്ട ശക്തിക്കായി നീ ഈ ദിവ്യരഹസ്യത്തിൽ പ്രാർത്ഥിക്കണമേ.

**മൂന്നാം ദിവ്യരഹസ്യം – തിടുക്കത്തിൽ യാത്രയാവുന്ന മറിയത്തെ നമുക്കു ധ്യാനിക്കാം**

തന്നോടു സംസാരിക്കുന്ന ദൈവത്തെക്കുറിച്ച് ചിന്തിച്ച്, തന്റെ ജീവിതാനുഭവങ്ങളെ ധ്യാനിച്ച് പ്രാർത്ഥനയിൽ യാത്രയാവുന്ന അമ്മേ, ഞങ്ങളുടെ ജീവിതയാത്രയിൽ, അമ്മേ നിന്നെപ്പോലെ, ഈശോയുടെ സ്നേഹവും, ഉപവിയും, ലോകത്തിൽ എത്തിക്കുന്നതിന്, ഞങ്ങളുടെ പാദങ്ങളെയും കരങ്ങളെയും തിടുക്കത്തിൽ മറ്റുള്ളവരിലേക്ക് നയിക്കണമേ. ഈ അനുഗ്രഹത്തിനായി അമ്മേ, നീ പ്രാർത്ഥിക്കണമേ.

**നാലാം ദിവ്യരഹസ്യം – സമർപ്പണത്തിന്റെ അമ്മയെ നമുക്കു ധ്യാനിക്കാം**

ഉണ്ണീശോയെ ദൈവാലയത്തിൽ സമർപ്പിച്ച മാതാവേ, ദൈവഹിതങ്ങളെ ജീവിതത്തിൽ സന്തോഷത്തോടെ സ്വീകരിച്ച്, കുരിശുമരണം വരെയും പുത്രന്റെകൂടെ അനുയാത്ര ചെയ്തവളെ, ഞങ്ങളുടെ ജീവിതമാവുന്ന യാത്രയിൽ, ഞങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിച്ച് ഓരോ പ്രവൃത്തിയും തുടങ്ങുവാനും, പ്രാർത്ഥനയിലൂടെ ദൈവതിരുഹിതത്തെ തിരിച്ചറിയാനും ഇടയാക്കണമെ. ഈ അനുഗ്രഹത്തിനായി അമ്മേ പ്രാർത്ഥിക്കണമേ. 1

**അഞ്ചാം ദിവ്യരഹസ്യം –പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായ മകനെ സംതൃപ്തിയോടെ സ്വീകരിക്കുന്ന അമ്മയെ നമുക്കു ധ്യാനിക്കാം**

കാണാതായ മകനെ അന്വേഷിച്ച് കണ്ടെത്തിയപ്പോൾ പിതാവിന്റെ ഭവനത്തിൽ, അവിടെ വ്യാപൃതനായ മകനെ ഓർത്ത് സമാധാനപ്പെടുന്ന അമ്മേ, ഞങ്ങളുടെ ജീവിതത്തിൽ, മക്കൾ, ദൈവവിളിയ്ക്കായ് ഇറങ്ങിതിരിക്കുമ്പോഴും, ദൈവപിതാവിന്റെ ജോലികൾക്കായ് വിളിക്കപ്പെടുമ്പോഴും നിരുത്സാഹപ്പെടുത്താതെ, അതിനായി ഒരുക്കുവാനും, പ്രാർത്ഥിക്കുവാനുമുള്ള കൃപയ്ക്കായി നീ പ്രാർത്ഥിക്കണമേ.

**സമാപനപ്രാർത്ഥന**

അമ്മയുടെ ചുറ്റുമായിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ഈ മംഗളവാർത്തക്കാലത്തിൽ കൂടുതൽ സന്തോഷമുള്ളവരായി, സംതൃപ്തിയോടെ ഓരോ നിമിഷവും ജീവിക്കാൻ നീ ഈ രഹസ്യങ്ങളിലൂടെ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ





വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ

## Spirituality Centre Programme

### December

| | | |
|---|---|---|
| 7-8 | - | Manorama Camp |
| 10-11 | - | Cenacle Gathering (Sodales) |
| 11-12 | - | Cenacle Gathering (Aspirants) |
| 14 | - | Social Animators Annual Gathering |
| 21-22 | - | School of Bible |
| 23 | - | Recollection for Oblates |
| 25-31 | - | Week of the Institute (Apostolic Oblates) |



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

കർത്താവായ ദൈവമേ, ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കാൻ അങ്ങയുടെ തിരുക്കുമാരനെ നല്കിയതിന് അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു. നിത്യകന്യകയായ മറിയത്തോടും നീതിമാനായ യൗസേപ്പിനോടും വിനീതരായ ആട്ടിടയരോടുംചേർന്ന് ഞങ്ങളും ദിവ്യപൈതലിനെ സ്വീകരിച്ച് ആരാധിക്കുന്നു. ദൈവമക്കൾക്ക് ഉചിതമായ ജീവിതം നയിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. മനുഷ്യാവതാരത്താൽ ധന്യരായ ഞങ്ങളുടെ ചിന്തയിലും പ്രവൃത്തിയിലുംമിശിഹാ അവതീർണ്ണനാകുവാൻ അനുഗ്രഹിക്കുകയും ചെയ്യണമേ.

(സീറോ മലബാർ കുർബാനക്രമത്തിൽനിന്ന്)

For private circulation only

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്